# താമരമൊട്ടുകൾ

വാല്യം 24 | മാർച്ച് 2022 | ലക്കം 03 | Price ₹ 20



## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ മാർച്ച് 2022 ലക്കം 03

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"ജോസഫ് നിദ്രയിൽ നിന്ന് ഉണർന്ന് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു'


(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ



| | | |
|---|---|---|
| 1. | ആശംസകൾ | 171 |
| 2. | പ്രോഗ്രാം - മാർച്ച് 2022 | 174 |
| 3. | സർക്കുലർ 03/2022 | 175 |
| 4. | സർക്കുലർ | 179 |
| 5. | കച്ചേരിക്കാര്യം | 182 |
| 6. | വിശ്വാസപരിശീലനം | 185 |
| 7. | ചെറുപുഷ്പ മിഷൻലീഗ് | 188 |
| 8. | തിരുബാലസഖ്യം | 190 |
| 9. | ലിറ്റർജി കമ്മീഷൻ | 191 |
| 10. | വിദ്യാഭ്യാസരംഗം | 192 |
| 11. | സ്റ്റാർട്ട് | 193 |
| 12. | അൽഫോൻസ കോളേജ് തിരുവമ്പാടി | 194 |
| 13. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 195 |
| 14. | ആൽഫ മരിയ അക്കാദമി | 196 |
| 15. | മാതൃവേദി | 197 |
| 16. | കെ.സി.വൈ.എം | 199 |
| 17. | ജീസസ് യൂത്ത് | 203 |
| 18. | ഇൻഫാം | 204 |
| 20. | സെമിനാരി വാർത്തകൾ | 209 |
| 21. | ആദരാഞ്ജലികൾ | 210 |
| 22. | കുടുംബ പ്രേഷിതത്വം | 211 |
| 23. | ഗുഡ്ഷെഫേർഡ് പ്രീസ്റ്റ് ഹോം | 212 |
| 24. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 212 |
| 25. | വിൻസെന്റ് ഡി. പോൾ സൊസൈറ്റി | 215 |
| 26. | കരിസ്മാറ്റിക് മൂവ്മെന്റ് | 216 |
| 27. | ബഥാനിയ ധ്യാനകേന്ദ്രം | 217 |
| 28. | മലബാർ ലേബർ മൂവ്മെന്റ് | 219 |
| 30. | വികസനവേദി | 220 |
| 31. | യേശുനിധി | 222 |

മേൽപ്പട്ട ശുശ്രൂഷയുടെ 25 വർഷങ്ങൾ ആഘോഷിക്കുന്ന

**അഭിവന്ദ്യ മാർ തോമസ് ഇലവനാൽ പിതാവിനും**



# താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാശംസകൾ!



തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ്പ്

**മോൺ. റവ. ഡോ. തോമസ് ജെ. നെറ്റോയ്ക്കും**

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Karottuzhunnalil Jose | March | 1 |
| Panachickal Alex | | 3 |
| Panachipuram Mathew | | 3 |
| Thekkumcherikunnel Mathew | | 3 |
| Oliakattil Joseph | | 4 |
| Purayidathil George | | 5 |
| Thoomkuzhy Dominic | | 6 |
| Nandalath Johnson | | 6 |
| Kunnath Joseph | | 7 |
| Munjanattu Mathew | | 10 |
| Narivelil George | | 10 |
| Thuruthiyil Joseph | | 10 |
| Kothanickal Chacko | | 11 |
| Cheeramattathil Sebastian | | 12 |
| Puthettupadavil Joseph | | 12 |
| Purayidathil Antony | | 13 |
| Njezhukumkattil Mathew | | 14 |
| Cheruvelil Mathew | | 15 |
| Chempukandathil Sebastian | | 16 |
| Mannoor Joseph | | 19 |
| Elamthuruthil Joseph | | 21 |
| Pattaniyil Augustine | | 27 |
| Vadakkedom Jose | | 29 |
| Kalathoor Varghese | | 29 |
| Chemplani Kuriakose | | 31 |
| Kochuparambil Thomas | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

## March 19



Rev. Fathers

Antheenadu Joseph
Aranjaniolickal Joseph (Sr.)
Aranjaniolickal Joseph (Jr.)
Chirakandathil Jose
Chundayil Joseph
Chirathalackal Joseph
Elamthuruthil Joseph
Ezhanikatt Joseph
Edakkattil Joseph
Kalappurackal Joseph
Kalarickal Joseph
Kalathil Joseph
Kappil Joseph
Karottuzhunnalil Jose
Keelath Joseph
Koonanickal Joseph
Kunnath Joseph
Kuzhikattumyalil Joseph
Maliyeckal Joseph
Manjakazhakunnel Joseph
Mannancheril Joseph
Mannoor Joseph
Mukaleparambil Joseph
Njavallil Jose
Oliakattil Joseph
Palakattu Joseph
Palliyodil Joseph Christie
Pamplaniyil Joseph
Pennaparambil Jose
Poothakuzhy Joseph
Puthettupadvil Joseph
Puthanpurakkal Joseph
Pulichamakkal Joseph
Thandaparmbil Joseph
Thekkumkattil Joseph
Thuruthiyil Joseph
Vadakkedom Jose
Vadakkel Joseph

**Mar Remigiose Inchananiyil**

# മാർച്ച് 2022

| | | |
|---|---|---|
| 19 | ശനി | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 24 | വ്യാഴം | ചരമദിനം: ഫാ. ജോർജ്ജ് പരുത്തപ്പാറ (2011) |
| 25 | വെള്ളി | മംഗളവാർത്ത തിരുനാൾ |
| 26 | ശനി | ചരമദിനം: ഫാ. ജോൺ പനയ്ക്കപ്പിള്ളി (2020) |
| 29 | ചൊവ്വ | ചരമദിനം: ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ (2018) |



*St. Joseph, Pray for us*

*സർക്കുലർ 03/2022*

# കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും പാരിഷ് കൗൺസിൽ രൂപീകരണവും (2022 -2025)

മിശിഹായിൽ പ്രിയപ്പെട്ടവരേ,

"ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാ ണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ. 13:34-35). ഈശോമിശിഹാ ഈ ലോകത്തിൽ നിന്ന് പിതാവിന്റെ പക്കലേക്ക് പോകുന്നതിന് മുമ്പ് ശിഷ്യന്മാർക്ക് നല്കിയ കൽപ്പനയാണിത്. ആദിമ സഭ ഈ കൽപ്പന അക്ഷരംപ്രതി പാലിച്ചിരുന്നുവെന്ന് വചനത്തിൽ നാം വായിക്കുന്നു. ''അവർ അപ്പസ്തോലൻമാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു... അവർ ഏക മനസ്സോടെ താത്പര്യപൂർവ്വം അനുദിനം ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പംമുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു" (അപ്പ. 2:42-46). "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു... അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല" (അപ്പ. 4:32-34).

നമ്മുടെ ഓരോ ഇടവകയിലും ഇപ്രകാരം ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് കുടുംബ ക്കൂട്ടായ്മകൾ സജീവമായിരുന്നു. ഇടവകയുടെ അനുദിനമുള്ള പ്രവർത്തനങ്ങളെ സജീവമാക്കുവാൻ കുടുംബക്കൂട്ടായ്മകൾ നമ്മെ സഹായിച്ചിട്ടുണ്ട്. കുടുംബയൂണിറ്റുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണല്ലോ പാരിഷ് കൗൺസിൽ അംഗങ്ങളായി പ്രവർത്തിക്കുന്നത്. 2019 ഏപ്രിൽ മാസത്തിൽ രൂപീകൃതമായ പാരിഷ് കൗൺസിലുകളുടെ മൂന്നുവർഷത്തെ കാലാവധി 2022 മാർച്ച് 31 ന് പൂർത്തിയാകു ന്നതിനാൽ പുതിയ പാരിഷ് കൗൺസിൽ രൂപീകരിക്കേണ്ടതാ യിട്ടുണ്ട്. ഈയവസരത്തിൽ കഴിഞ്ഞ മൂന്നു വർഷക്കാലം കുടുംബക്കൂട്ടായ്മ ഭാരവാഹികൾ എന്ന നിലയിലും ഇടവക

പ്രതിനിധിയോഗ അംഗങ്ങൾ എന്ന നിലയിലും സ്തുത്യർഹമായി സേവനം ചെയ്ത എല്ലാവരെയും സ്നേഹത്തോടും നന്ദിയോടും കൂടി ഓർക്കുന്നു. സഭയുടെയും സമുദായത്തിന്റെയും വളർച്ചയ്ക്കായി പ്രവർത്തിച്ചതിന് ദൈവം പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിവിധ സമിതികളിൽ ചർച്ച ചെയ്തപ്പോൾ കോവിഡ് സാഹചര്യം നിലവിലുണ്ടെങ്കിലും പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി നിലവിൽ വരുന്നത് ഉചിതമാണ് എന്ന് അഭിപ്രായ പ്പെടുകയുണ്ടായി. അതനുസരിച്ച്, പുതിയ പാരിഷ് കൗൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട് ഏതാനും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ.

സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങളുടെയും താമരശ്ശേരി രൂപത നിയമാവലിയുടെയും അടിസ്ഥാനത്തിൽ ഇടവകയുടെ ഭരണത്തിലും വിവിധ പ്രവർത്തനങ്ങളിലും ഇടവകജനത്തിന് കൂട്ടുത്തരവാദിത്വം നല്കുന്ന സംവിധാനങ്ങ ളാണ് പൊതുയോഗവും പാരിഷ് കൗൺസിൽ എന്നറിയപ്പെടുന്ന പ്രതിനിധിയോഗവും. നമ്മുടെ എല്ലാ ഇടവകകളിലും എല്ലാ മാസവും പാരിഷ് കൗൺസിൽ യോഗം ചേരുകയും കണക്ക് അവതരിപ്പിക്കുകയും ഇടവകയുടെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യകമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട് എന്നത് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. പാരിഷ് കൗൺസിലിന്റെ മാസമീറ്റിങ്ങുകൾ നടത്തുവാൻ ബഹു. വികാരിയച്ചനും, നടത്തുകൈക്കാരനും പാരിഷ് സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒരു ഇടവകയുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നത് കുടുംബകൂട്ടായ്മകളുടെ സജീവമായ പ്രവർത്തനത്താലാണ്. കോവിഡിന്റെ സാഹചര്യത്തിലും നമ്മുടെ ഇടവകയുടെ അജപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ കുടുംബകൂട്ടായ്മകളും ഭാരവാഹികളും നിസ്തുലമായ സേവനങ്ങളാണ് ചെയ്തിട്ടുള്ളത്. അറിയിപ്പുകളും സർക്കുലറുകളും ഇടയലേഖനങ്ങളും എല്ലാം കുടുംബകൂട്ടായ്മകളുടെ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ എല്ലാവരും അറിയുന്നുണ്ടായിരുന്നു. മാത്രമല്ല, അർഹതപ്പെട്ടവർക്ക് ആവശ്യകമായ സഹായങ്ങൾ എത്തിക്കുന്നതിലും കുടുംബക്കൂട്ടായ്മ ഭാരവാഹികൾ അതീവ ശ്രദ്ധ പ്രകടിപ്പിച്ചിരുന്നു.

ഇടവക തലത്തിലുള്ള എല്ലാ പദ്ധതികളും ഓരോ കുടുംബയൂണിറ്റിലും നടപ്പിലാക്കുക, ഇടവകയുടെ പൊതുവായ കാര്യങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്തുക, കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ വളർത്തിയെടുക്കുക, സംഘടനകളെ ശക്തിപ്പെടുത്തുക, പാവപ്പെട്ടവർക്കും അഗതികൾക്കും കൂടുതൽ ശ്രദ്ധ നല്കുക, വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനങ്ങളും ആനുകാലിക വിഷയങ്ങളും പഠന വിഷയമാക്കുക, സഭാ- സമുദായ ശാക്തീകരണ പ്രസിദ്ധീകരണങ്ങൾ നമ്മുടെ കുടുംബങ്ങളിൽ

ഉറപ്പുവരുത്തുക എന്നിങ്ങനെ വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളാണ് കുടുംബയൂണിറ്റ് സമ്മേളനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കുടുംബയൂണിറ്റുകളിൽ ചർച്ച ചെയ്യപ്പെടുന്ന കാര്യങ്ങളും പ്രസക്തമായ വിഷയങ്ങളും പാരിഷ് കൗൺസിൽ യോഗങ്ങളിൽ ചർച്ചചെയ്യപ്പെടുമ്പോഴാണ് അവ ഇടവകയുടെ വളർച്ചയ്ക്കും കൂട്ടായ പ്രവർത്തനങ്ങൾക്കും കാരണമാകുന്നത്.

കുടുംബയൂണിറ്റുകൾ സജീവമാക്കുന്നതിന് കുടുംബയൂണിറ്റ് ഭാരവാഹികളുടെ വലിയ ത്യാഗവും സഹകരണ മനോഭാവും സഭാസ്നേഹവും അത്യന്താപേക്ഷിതമാണ്. നേതൃത്വപാടവമുള്ള കുടുംബയൂണിറ്റ് ഭാരവാഹികൾ പാരിഷ് കൗൺസിൽ അംഗങ്ങളായി സേവനം ചെയ്യുമ്പോൾ ഇടവകയെ വലിയ നന്മയിലേക്കും കൂട്ടായ്മയിലേക്കും നയിക്കുവാൻ സാധിക്കും. അതുകൊണ്ട് കുടുംബയൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടു ക്കുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

2022-2025 ലേക്കുള്ള പുതിയ പാരിഷ് കൗൺസിൽ രൂപീകരണത്തിന്റെ ആദ്യപടിയായി നമ്മൾ ചെയ്യേണ്ടത് എല്ലാ ഇടവകളിലും കുടുംബകൂട്ടായ്മ ഭാരവാഹികളെ തിരഞ്ഞെടുക്കുക എന്നതാണ്. 2022 ഫെബ്രുവരി 13 നും മാർച്ച് 20 നും ഇടയിൽ അടുത്ത 3 വർഷത്തേക്കുള്ള കുടുംബയൂണിറ്റ് ലീഡേഴ്സിന്റെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കണം. കുടുംബയൂണിറ്റ് ഭാരവാഹികൾ അടുപ്പിച്ച് രണ്ടു തവണയിൽ (6 വർഷം) കൂടുതൽ തുടർച്ചയായി തിരഞ്ഞെടുക്കപ്പെടുവാൻ പാടില്ല. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ മൂന്നാം തവണ ഒരു വ്യക്തി തിരഞ്ഞെടുപ്പിലൂടെ നേതൃസ്ഥാനത്തേക്ക് വരികയാണെങ്കിൽ രൂപതാകാര്യാലയത്തിൽ നിന്ന് അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

ഇടവകയിൽ കുടുംബയൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതോടെ പാരിഷ് കൗൺസിൽ രൂപീകരണത്തിനുള്ള നടപടികൾ ആരംഭിക്കണം. ഇക്കാര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളോടൊപ്പം രൂപതാ നിയമാവലിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും പാലിക്കേണ്ടതാണ്. ഓരോ യൂണിറ്റിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റും സെക്രട്ടറിയും കുടുംബക്കൂട്ടായ്മയുടെ പ്രതിനിധികളായി പാരിഷ് കൗൺസിൽ അംഗങ്ങളാകുന്നു. കൂടുതൽ കുടുംബങ്ങളുള്ള ഇടവകകളിൽ 2016-ൽ സ്വീകരിച്ച രീതിയിലാണ് പാരീഷ് കൗൺസിൽ രൂപീകരണം നടത്തേണ്ടത്. നാല്പതും അതിൽ അധികവും കുടുംബയൂണിറ്റുകൾ ഉള്ള ഇടവകകളിൽ ഒരു യൂണിറ്റിൽ നിന്ന് ഒരു പ്രതിനിധി മാത്രമാണ് പാരീഷ് കൗൺസിലിൽ അംഗമാകുന്നത്. ഈ സാഹചര്യത്തിൽ, കുടുംബയൂണിറ്റുകൾക്ക് കൊടുത്തിരിക്കുന്ന ക്രമനമ്പർ അനുസരിച്ച് ഒറ്റ അക്കത്തിലുള്ള യൂണിറ്റുകളുടെ പ്രസിഡന്റു മാരും, ഇരട്ട

അക്കത്തിലുള്ള യൂണിറ്റുകളുടെ സെക്രട്ടറിമാരും പാരിഷ് കൗൺസിൽ അംഗങ്ങളാകും.

പാരിഷ് സെക്രട്ടറിയാണ് പാരിഷ് കൗൺസിലിന്റെയും പൊതുയോഗത്തിന്റെയും മിനിറ്റ്സും റിപ്പോർട്ടും എഴുതി സൂക്ഷിക്കേണ്ടത്. നിലവിലുള്ള പാരിഷ് സെക്രട്ടറിയെ നിലനിർത്തുന്നതിനോ, ആവശ്യമെങ്കിൽ പുതിയ പാരിഷ് സെക്രട്ടറിയെ നിയമിക്കുന്നതിനോ ബഹു. വികാരിയച്ചന്മാർക്ക് അവകാശമുണ്ടായിരിക്കും.

തിരഞ്ഞെടുക്കപ്പെട്ട കുടുംബക്കൂട്ടായ്മ ഭാരവാഹികളെ കൂടാതെ, രൂപതാ നിയമാവലിയിൽ (പേജ് 124-126) പറയുന്ന പ്രകാരം പാരിഷ് കൗൺസിലിൽ ഉൾപ്പെടുത്തേണ്ടവരെ തിരഞ്ഞെടുക്കുകയും നാമനിർദ്ദേശം ചെയ്യുകയും ചെയ്തുകൊണ്ട് ബഹു. വികാരിയച്ചന്മാർ പാരിഷ് കൗൺസിൽ രൂപീകരണം പൂർത്തിയാക്കണം. 2022 മാർച്ച് 31 ന് മുമ്പ് പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് രൂപതാകച്ചേരിയിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. രൂപതാ കാര്യാലയത്തിൽ നിന്ന് പാരിഷ് കൗൺസിൽ അംഗങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള കല്പന ലഭിക്കുന്നതോടെയാണ് പാരിഷ് കൗൺസിൽ ഔദ്യോഗികമായി നിലവിൽ വരുന്നത്. അതിനുശേഷം ഏറ്റവും അടുത്ത ഞായറാഴ്ച പുതിയ പാരിഷ് കൗൺസിൽ അംഗങ്ങൾ ദൈവാലയത്തിൽ വി. കുർബാന യോടനുബന്ധിച്ച് സത്യപ്രതിജ്ഞ ചെയ്തതിനുശേഷമാണ് ആദ്യയോഗം ചേരേണ്ടത്.

കുടുംബയൂണിറ്റുകളിലെ തിരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തിയാക്കുവാനും നിയമാനുസൃതം പാരിഷ് കൗൺസിൽ രൂപീകരിക്കുവാനും ആവശ്യകമായ നടപടികൾ ബഹു. വികാരിയച്ചന്മാർ സ്വീകരിക്കേണ്ടതാണ്. പാരിഷ് കൗൺസിലും കുടുംബകൂട്ടായ്മകളും സജീവമായി പ്രവർത്തിക്കുന്നതിലൂടെ സജീവമായ അജപാലന പ്രവർത്തനങ്ങൾ നമ്മുടെ ഇടവകകളിൽ സംജാതമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, നല്ല ഒരു നോമ്പുകാലം ആശംസിച്ചുകൊണ്ടും, ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

# മദ്യവിരുദ്ധ ഞായർ
# 2022 മാർച്ച് 20

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യവൈദികരേ, സന്യാസസഹോദരരേ, മിശിഹായിൽ വിശ്വാസികളെ,

2022 ലെ ഈ വലിയ നോമ്പു കാലത്ത് മാർച്ച് 20 മദ്യവിരുദ്ധ ഞായറായി കേരളകത്തോലിക്കാസഭ ഒന്നടങ്കം ആചരിക്കുകയാണ്. മദ്യവും മയക്കുമരുന്നും മനുഷ്യ സമൂഹത്തിൽ ഉണ്ടാക്കുന്ന മഹാ വിപത്തിനെതിരെ പ്രതികരിക്കാനും ജനങ്ങളെ ബോധവല്ക്കരിക്കാനുമുള്ള നമ്മുടെ ദൗത്യം നിറവേറ്റുന്നതിന് ഇത് അവസരമൊരുക്കുന്നു. ഇത്തരം ദിനാചരണവും ലഹരിവിരുദ്ധ ബോധവല്ക്കരണവും ലോകാരോഗ്യസംഘടനതന്നെ ആഹ്വാനം ചെയ്തിട്ടുള്ളതാണ്. ഈ കഴിഞ്ഞ ക്രിസ്തുമസ്- നവവത്സരാഘോഷങ്ങളുടെ പേരുംപറഞ്ഞ് 138 കോടി മദ്യം കുടിച്ചു തീർത്തവരാണ് സമ്പൂർണ സാക്ഷരരെന്നഭിമാനിക്കുന്ന കേരള ജനത. ഇക്കൂട്ടത്തിൽ ഒട്ടുംകുറവല്ലാത്ത ഒരുവിഭാഗം നമ്മുടെ മക്കളാണ് എന്നത് നമ്മുടെ കണ്ണുതുറപ്പിക്കണം. പലപ്പോഴും മദ്യവിരുദ്ധ പ്രസ്ഥാനക്കാരുടെ പ്രധാന പ്രവർത്തനം സർക്കാരിന്റെ മദ്യനയത്തെ വിമർശിക്കലാണ്. തീർച്ചയായും ഭരിക്കുന്നവരുടെ വികലവും ജനദ്രോഹപരവുമായ നടപടികളെ നാം അപലപിക്കണം. എന്നാൽ അതിലും പ്രധാനപ്പെട്ടതാണ് സഭാമക്കൾ മദ്യവും മയക്കുമരുന്നുകളും ഉപേക്ഷിക്കണമെന്ന് ഊന്നിപ്പറയുക എന്നുള്ളത്. കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം സാമൂഹ്യതിന്മകളാണെന്നും ക്രിസ്തീയജീവിതശൈലിക്ക് നിരക്കാത്തതാണെന്നും ബോധ്യപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ഈ ഇടയലേഖനം.

ക്രൈസ്തവവിശ്വാസവും ക്രിസ്തീയ ധാർമ്മികതയും വേർതിരിക്കാനാവാത്തവിധം ബന്ധപ്പെട്ടവയാണ്. രണ്ടിന്റെയും അടിസ്ഥാനം ബൈബിളും സഭയുടെ പഠനങ്ങളും പാരമ്പര്യങ്ങളുമാണ്. സൂനഹദോസുകളുടെ തീരുമാനങ്ങൾക്കും വിശുദ്ധരുടെ ജീവിതമാതൃകകൾക്കും നമ്മുടെ വിശ്വാസ ജീവിതത്തിൽ വലിയസ്ഥാനമുണ്ട്.

1. **ബൈബിൾ:** നമ്മെ വിശുദ്ധീകരിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവവചന സമാഹാരമായ ബൈബിളിൽ മദ്യപാനത്തെ കുറ്റപ്പെടുത്തുന്ന 80-ൽ കൂടുതൽ തിരുമൊഴികളുണ്ട്. വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്. അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല (സുഭാഷിതങ്ങൾ 20.1). സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിത വേഴ്ചകളിലോ

വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത് (റോമ13.13). വചന വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ മദ്യപിക്കുന്നവർ ചെറുതോ വലുതോ ആയ അളവിൽ ദൈവവചനത്തെ ലംഘിക്കുന്നു.

2. **സഭാപഠനങ്ങൾ:** കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 2290, 2291 എന്നിവ മദ്യവും മയക്കുമരുന്നുകളും ഗൗരവമായ കുറ്റവും നാശവുമാണെന്ന് വ്യക്തമായി പഠിപ്പിക്കുന്നു. ആരോഗ്യം പരിപോഷിപ്പിക്കുന്നതിനെക്കുറിച്ചാണ് നമ്പർ 2288-ൽ പ്രതിപാദിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മനുഷ്യനിലെ സ്നേഹഭാവവും ദൈവികച്ഛായയും തകർത്തെറിയും. ഒരിക്കലും ഒരുവിശ്വാസി അവയെ താലോലിക്കരുത്.

3. **പുണ്യചരിതരുടെ സദുപദേശങ്ങൾ:** വിശുദ്ധരുടെ തിരുനാളുകൾ കൊണ്ടാടുവാൻ സഭാമക്കൾക്ക് ഏറെ സന്തോഷമാണ്. നമ്മുടെ ചർച്ചാവിഷയവുമായി ബന്ധപ്പെട്ട ഏതാനും മാതൃകാ വ്യക്തികളുടെ സന്ദേശങ്ങളും സാക്ഷ്യങ്ങളും ഇവിടെ പ്രസക്തമാണ്. പതിനാറാം നൂറ്റാണ്ടിൽ കേരളത്തിന്റെ കടലോരങ്ങളിൽ സുവിശേഷ വേലചെയ്ത വി. ഫ്രാൻസീസ് സേവ്യർ അക്കാലത്ത് ഇവിടെ സർവ്വസാധാരണമായിരുന്ന മദ്യപാനത്തെ നഖശിഖാന്തരം എതിർത്തിരുന്നു. നവോത്ഥാന നായകനും സി.എം.ഐ സഭാസ്ഥാപകനുമായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ വാക്കുകളിൽ, മദ്യപാനം ലോകത്തിന്റെ മുമ്പാകെ അപമാനമുള്ളതും തമ്പുരാന്റെ മുമ്പിൽ എത്രയും ദോഷമുള്ളതുമാണ്. ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ തദ്ദേശീയമെത്രാനും SABS സന്യാസസമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവ് പ്രസ്താവിച്ചു: മദ്യം എന്ന വിഷം മനുഷ്യനുള്ളിൽ പ്രവേശിച്ചാൽ അത് കാട്ടിക്കൂട്ടുന്ന ഗോഷ്ടികളും അനർത്ഥങ്ങളും എന്തുമാത്രമെന്ന് പറഞ്ഞറിയിപ്പാൻ സാധിക്കുന്നതല്ല. തൃശ്ശൂർ രൂപതയുടെ ഒന്നാമത്തെ മെത്രാനായ അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട് 1891 മീനമാസത്തിലെ ഇടയലേഖനത്തിൽ മദ്യപാനം വരുത്തിവയ്ക്കുന്ന വൻദുരന്തങ്ങൾ വിശദീകരിച്ചുകൊണ്ട് മദ്യപാനികളും മദ്യവില്പനക്കാരും അബ്കാരികളും ഇതിൽ നിന്ന് പിന്തിരിയണമെന്ന് ശക്തമായി ആവശ്യപ്പെട്ടു. തിരുക്കുടുംബ സന്യാസസമൂഹസ്ഥാപകയായ വിശുദ്ധ മറിയം ത്രേസ്യ വീടുവീടാന്തരം കയറിയിറങ്ങി മദ്യപാനികളെ തേടുകയും അവരെ നവീകരിക്കുകയും ചെയ്തിരുന്നു. സി.എം.സി. സഭാംഗമായ വി. എവുപ്രാസ്യ മദ്യപാനികളുടെ ഭാര്യമാരെ സാന്ത്വനിപ്പിക്കുകയും മദ്യവിമുക്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. മലബാറിന്റെ മോസസ് എന്നറിയപ്പെടുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് അരനൂറ്റാണ്ടുകാലം മദ്യവിപത്തിനെതിരെ പടപൊരുതി. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനി, തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആർച്ച് ബിഷപ്പ് അഭിവന്ദ്യനായ സൂസൈ

പാക്യം ഇവരൊക്കെ മദ്യം - മയക്കുമരുന്ന് ഇവയുണ്ടാക്കുന്ന വിപത്തുകളെ പൊതുസമക്ഷം നഖശിഖാന്തരം എതിർത്ത് മാതൃക നൽകിയവരാണ്. ദീപ്തമായ ഈ മാതൃകകൾ നമുക്ക് വഴിവെട്ടം പകരട്ടെ.

മദ്യവും മയക്കുമരുന്നുകളും വരുത്തിവയ്ക്കുന്ന കുടുംബകലഹങ്ങൾ, തകർച്ചകൾ, വാഹനാപകടങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ ഇവയൊക്കെ ആർക്കാണ് അറിഞ്ഞുകൂടാത്തത്? നാടിനെയും വീടിനെയും വ്യക്തികളെയും നശിപ്പിക്കുന്ന ഈ തിന്മകൾക്കെതിരെ നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം. മദ്യമുക്തമായ സഭയും സമൂഹവുമെന്ന പ്രഖ്യാപിത ലക്ഷ്യപ്രാപ്തിക്കായി അക്ഷീണം അദ്ധ്വാനിക്കാം, പ്രാർത്ഥിക്കാം. ലഹരിവിരുദ്ധമായ തിരുവചനങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാം. ലഹരി വിരുദ്ധമായ സഭാപഠനങ്ങൾ നമുക്ക് നെഞ്ചിലേറ്റാം. ഒരുകാരണവശാലും നമ്മുടെ വീടുകളെ മദ്യപാനപരിശീലന കളരികളാക്കില്ലെന്ന് പ്രതിജ്ഞയെടുക്കാം. അടുത്ത തലമുറയെക്കരുതിയെങ്കിലും ഈ സാമൂഹ്യതിന്മയ്ക്കെതിരെ ശക്തമായ നിലപാടുകളെടുത്ത് മുന്നോട്ട് നീങ്ങാൻ സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ! സമൂഹത്തെ മദ്യാസക്തിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന എല്ലാവരും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉദാരമായ സംഭാവനകൾ നല്കാൻ മുന്നോട്ടുവരണം.

2022 മാർച്ച് 20-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്കായി നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)
**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തച്ചേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)
**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

---

N.B.:2022 മാർച്ച് 20-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സിറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാദൈവാലയങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

# കച്ചേരിക്കാര്യം

## 1. New appointments

Rev. Fathers:

| | | |
|---|---|---|
| Thalachirakuzhy Kurian | : | Relieved Vicar, Valliyad |
| Kalappurackal Joseph | : | Acting Vicar Valliyad |
| Thekkekkaramattathil Mathew | : | KCYM Thiruvambady |
| Antheenadu Joseph | : | KCYM Kodanchery |
| Puthanpurakkal Joseph | : | KCYM Paroppady |
| Antheenadu Joseph | : | CML Kodanchery |
| Puthanpurakkal Joseph | : | CML Paroppady |

## 2. പാരിഷ് കൗൺസിൽ രൂപീകരണം (2022-2025)

രൂപതാദ്ധ്യക്ഷന്റെ സർക്കുലറിൽ (നമ്പർ 03/2022) നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരം എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് 2022 മാർച്ച് 20 ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്. നൽകപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് 2022-25 വർഷങ്ങളിലേക്കുള്ള പാരിഷ് കൗൺസിൽ അംഗങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് മാർച്ച് 31 ന് മുമ്പ് രൂപതാകാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും തുടർന്ന് പുതിയ പാരിഷ് കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

## 3. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചു തീർക്കണമെന്ന് അറിയിക്കുന്നു.

രൂപതാവിഹിതം ഈ വർഷം ഫൊറോനകേന്ദ്രങ്ങളിൽവച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരിയച്ചന്മാർ വഴി അറിയിക്കുന്നതാണ്.

2021-22 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചു തീർക്കാനുള്ള ഇടവകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

## 4. യേശുനിധി - 2022

നമ്മുടെ രൂപതയുടെ ജീവകാരുണ്യഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ ഭവനങ്ങളിൽ നിന്ന് സ്വീകരിക്കുന്നതിനുള്ള കവറുകൾ ഫൊറോന കേന്ദ്രങ്ങളിൽ മാർച്ച് 25 ന് മുമ്പ് എത്തിക്കുന്നതാണ്.

### 5. വി. യൗസേപ്പിതാവിന്റെ വണക്കമാസം

മാർച്ച് മാസം യൗസേപ്പിതാവിന് പ്രത്യേകമായി സമർപ്പി ക്കപ്പെട്ടതാണല്ലോ. ദൈവാലയങ്ങളിൽ വി. യൗസേപ്പിതാവിന്റെ നൊവേനയും പ്രാർത്ഥനകളും ചൊല്ലി വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുന്നതിനും, മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ സമുചിതമായി ആചരിക്കുന്നതിനും കുടുംബ ങ്ങളിൽ വണക്കമാസം ചൊല്ലുന്നതിനും ദൈവജനത്തെ പ്രോത്സാ ഹിപ്പിക്കുമല്ലോ.

### 6. വലിയനോമ്പ്

2022 ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച പാതിരാ മുതൽ ഈ വർഷത്തെ വലിയനോമ്പ് ആരംഭിച്ചിരിക്കുകയാണ്. ഉയിർപ്പുതിരുനാൾ വരെ വിവാഹാഘോ ഷങ്ങൾ പാടില്ലായെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

### 7. ആദരാഞ്ജലികൾ

ബഹു. തോമസ് പുതിയാപറമ്പിലിന്റെ പിതാവ് **വർഗീസ് പുതിയാപറമ്പിൽ (87)** 2022 ഫെബ്രുവരി 3 ന് നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടു. 4-ാം തീയതി വെറ്റിലപ്പാറ ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. തോമസ് പുതിയാ പറമ്പിലച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാ ന്തിക്കുവേണ്ടിപ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. ജോസ് ഓലിയക്കാട്ടിലച്ചന്റെ മാതാവ് **റോസമ്മ മാത്യു ഓലിയക്കാട്ടിൽ (84)** 2022 ഫെബ്രുവരി 15 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 16-ാം തീയതി തോട്ടുമുക്കം ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് രൂപതാ വികാരി ജനറാൾ കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കു ന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 8. സ്മരണാഞ്ജലി

13-03-1987 - റവ. ഫാ. വർഗ്ഗീസ് സി.എം.ഐ.

17-03-1991 - റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി

**24-03-2011 - റവ. ഫാ ജോർജ് പരുത്തപ്പാറ**

**26-03-2020 - റവ. ഫാ ജോൺ പനയ്ക്കപ്പിള്ളി**

**29-03-2018 - റവ. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്



റവ. ഫാ ജോർജ്
പരുത്തപ്പാറ
24-03-2011



റവ. ഫാ. സെബാസ്റ്റ്യൻ
കാഞ്ഞിരക്കാട്ടുകുന്നേൽ
29-03-2018



റവ. ഫാ ജോൺ
പനയ്ക്കപ്പിള്ളി
26-03-2020

# വിശ്വാസപരിശീലനം

'ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം'? (ഏശയ്യാ 58:6) ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും അരൂപിയിൽ കൃപ നിറഞ്ഞ ഒരു നോമ്പുകാലം എല്ലാവർക്കും ആശംസിക്കുന്നു.

### ഓൺലൈൻ ക്ലാസുകൾ

കോവിഡിന്റെ വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഫെബ്രുവരി മാസത്തിൽ വിശ്വാസപരിശീലനം വീണ്ടും ഓൺലൈനായി നടത്തി.

### HCC മൂല്യനിർണയം

2022 ഫെബ്രുവരി 12 ശനി മേഖലാ കേന്ദ്രങ്ങളിൽ വച്ച് ഒഇഇ യൂണിവേഴ്സിറ്റി പരീക്ഷകളുടെ മേഖലാതല മൂല്യനിർണയം നടത്തി. രൂപതയിൽ നിന്ന് അയച്ച വാലുവേഷൻ സൂപ്പർവൈസറുടെ സാന്നിധ്യത്തിലാണ് ഓരോ മേഖലയിലും ഈ വർഷം മൂല്യ നിർണയം നടന്നത്. മൂല്യനിർണയത്തിന് നേതൃത്വം നൽകിയ മേഖല ഡയറക്ടറച്ചനും, മേഖലാ പ്രസിഡണ്ടിനും, മേഖലാ സമിതിക്കും ഹെഡ്മാസ്റ്റർമാർക്കും, മൂല്യനിർണയത്തിന് സഹായിച്ച HCC +1, +2 അധ്യാപകർക്കും, മറ്റു ക്ലാസുകളിലെ അധ്യാപകർക്കും രൂപത മതബോധന കേന്ദ്രത്തിന്റെ പേരിൽ ഹൃദയം നിറഞ്ഞ നന്ദി പറയുന്നു.

### സേ പരീക്ഷ മാറ്റിയ തിയ്യതി

HCC യൂണിവേഴ്സിറ്റി സെ പരീക്ഷയുടെ മാറ്റിയ തീയതി 2022 മാർച്ച് 6 ഞായറാഴ്ച ആയിരിക്കും. മേഖലാ കേന്ദ്രങ്ങളിൽ വെച്ചായിരിക്കും സെ പരീക്ഷകൾ നടക്കുന്നത്.

### HCC ഫലപ്രഖ്യാപനം

HCC യൂണിവേഴ്സിറ്റി പരീക്ഷകളുടെ മൂല്യനിർണയം ഒരാഴ്ച വൈകി നടത്തിയതിനാൽ ഫലപ്രഖ്യാപനത്തിന്റെ തീയതി 2022 ഫെബ്രുവരി 26 ശനിയാഴ്ച ആയിരിക്കും.

### ഷോർട്ട് ഫിലിം

'നസ്രത്തിലെ പിതാവായ വിശുദ്ധ യൗസേപ്പ്' എന്ന വിഷയത്തെ ആധാരമാക്കി വിശ്വാസപരിശീലനകേന്ദ്രം താമരശ്ശേരി രൂപത നടത്തുന്ന ഷോർട്ട്

ഫിലിം മത്സരത്തിന്റെ പുതുക്കിയ സബ്മിഷൻ തീയതി 2022 മാർച്ച് 19 ശനിയാഴ്ച ആയിരിക്കും.

### സഭാവാർത്തകൾ

സഭയുടെ ചലനങ്ങളും തുടിപ്പുകളും കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനുമായി വിശ്വാസ പരിശീലനകേന്ദ്രം തയ്യാറാക്കുന്ന സഭാവാർത്തകൾ 2022 ജനുവരി 30, 2022 ഫെബ്രുവരി 6, എന്നീ തീയതികളിൽ വിശ്വാസപരിശീലനം യൂട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്തു. ഈ രണ്ടു വാർത്തകളും വളരെ മനോ ഹരമായി അവതരിപ്പിച്ച അലന്റ മാത്യു ചെട്ടിപ്പറമ്പിലിന് പ്രത്യേക അഭിനന്ദനങ്ങൾ.

### വാർഷിക പരീക്ഷകൾ

നേരത്തെ അറിയിച്ചതുപോലെ പത്താം ക്ലാസിന്റെ വാർഷിക പരീക്ഷ 2022 മാർച്ച് 6 ഞായറാഴ്ച നടക്കുന്നതാണ്. ചോദ്യപേപ്പറുകൾ രൂപതയിൽ നിന്ന് പ്രിന്റ് ഔട്ട് എടുത്ത് നൽകുന്നതാണ്. സൺഡേ സ്കൂളിൽ ഒരുമിച്ചുകൂട്ടി എഴുത്തുപരീക്ഷയായിട്ടായിരിക്കും പത്താം ക്ലാസിലെ പരീക്ഷകൾ നടക്കുന്നത്. 1 മുതൽ 9 വരെ ക്ലാസ്സുകളുടെ വാർഷികപരീക്ഷകൾ 2022 മാർച്ച് 13 ഞായറാഴ്ച നടക്കുന്നതാണ്. ഈ പരീക്ഷകൾക്ക് രൂപതയിൽ നിന്ന് ചോദ്യപേപ്പറുകൾ പിഡിഎഫ് ആയി അയച്ചു നൽകുന്നതാണ്. ഓരോ ഇടവകയുടെയും സാഹചര്യമനുസരിച്ച് ഓൺലൈനായോ ഓഫ് ലൈൻ ആയോ പരീക്ഷകൾ ക്രമീകരിക്കാവുന്നതാണ്. എഴുത്തുപരീക്ഷകൾ നടത്തുന്നവർക്ക് ചോദ്യപേപ്പറുകൾ തലേദിവസമേ അയച്ചു നൽകുന്നതാണ്. 1 2 3 ക്ലാസ്സുകളിൽ ചോദ്യപരീക്ഷകൾക്ക് സഹായകമായ ചോദ്യാവലിയും രൂപതയിൽനിന്ന് നൽകുന്നതാണ്.

### സിനഡ് ഒരുക്ക ചർച്ച (HM ഗൂഗിൾ മീറ്റ്)

2023 ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വത്തിൽ നടക്കുന്ന ആഗോള മെത്രാൻമാരുടെ പതിനാറാമത് സിനഡിന് ഒരുക്കമായുള്ള ഹെഡ്മാസ്റ്റർമാരുടെ ഗൂഗിൾ മീറ്റ് 2022 ഫെബ്രുവരി 6 ഞായറാഴ്ച നടന്നു. പെരിയ ബഹുമാനപ്പെട്ട ജനറാൾ അച്ചൻ വിളിച്ചുകൂട്ടിയ മീറ്റിങ്ങിൽ സിനഡിന്റെ വിഷയവും, ചോദ്യാവലിയും, റവ. ഡോ. ഫിലിപ്പ് ചക്കുംമൂട്ടിലും, റവ. ഡോ. കുര്യൻ പുരമഠത്തിലും അവതരിപ്പിച്ചു. ഓരോ ഇടവകയിലും ഹെഡ്മാസ്റ്റർമാരുടെ അധ്യക്ഷതയിൽ വിശ്വാസപരിശീലകരെ ഒരുമിച്ചുകൂട്ടി സിനഡ് ഒരുക്ക ചർച്ചകൾ നടത്തുവാൻ നിർദ്ദേശിക്കുകയുണ്ടായി.

## വിശ്വാസപരിശീലനം : സിനഡ് ഒരുക്ക ചർച്ചയ്ക്ക് വേണ്ടിയുള്ള ക്രമീകരണങ്ങൾ

13/2/2022 ഞായർ ഓരോ ഇടവകയിലും ഹെഡ്മാസ്റ്റർമാരുടെ അധ്യക്ഷതയിൽ സൺഡേസ്കൂൾ അധ്യാപകർ ഒരുമിച്ചുകൂടി അഞ്ചു വിഷയങ്ങൾ ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു

15/2/2022 ചൊവ്വ ഇടവകയിലെ ചർച്ചയുടെ റിപ്പോർട്ടുകൾ ഹെഡ്മാസ്റ്റർമാർ മേഖലാ പ്രസിഡണ്ടിനെ ഏൽപ്പിക്കുക

20/2/2022 ഞായർ മേഖലാ പ്രസിഡണ്ടും സെക്രട്ടറിയും വനിതാ പ്രതിനിധിയും അടങ്ങിയ മേഖലാ സമിതി മേഖലയിലെ മുഴുവൻ ഇടവകയുടെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഒരു റിപ്പോർട്ട് ആക്കി മാറ്റുന്നു

22/2/2022 ചൊവ്വ ഓരോ മേഖലയിലെയും ക്രോഡീകരിച്ച് റിപ്പോർട്ടുകൾ മേഖലാ പ്രസിഡണ്ടുമാർ രൂപത മതബോധന ഓഫീസിൽ ഏൽപ്പിക്കുക.

## മാർച്ച് മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| 6 ഞായർ | - | നോമ്പുകാലം 2-ാം ഞായർ<br>**പത്താം ക്ലാസിലെ വാർഷികപരീക്ഷ & HCC യൂണിവേഴ്സിറ്റി സെ എക്സാം (മേഖലാതലം)**<br>**സ്റ്റഡി ലീവ് - 1-9 വരെയുള്ള ക്ലാസ്സുകൾക്ക്** |
| 13 ഞായർ | - | നോമ്പുകാലം 3-ാം ഞായർ<br>**1 മുതൽ 9 വരെ ക്ലാസ്സുകളുടെ വാർഷിക പരീക്ഷ** |
| 19 ശനി | - | വി. യൗസേപ്പിതാവിന്റെ തിരുനാൾ<br>**ഷോർട്ട് ഫിലിംസ് സബ്മിഷൻ തിയ്യതി** |
| 20 ഞായർ | - | നോമ്പുകാലം 4-ാം ഞായർ |
| 27 ഞായർ | - | നോമ്പുകാലം 5-ാം ഞായർ |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ്

## സുകൃതവാരം

75 വർഷ കാലത്തെ ദൈവപരിപാലനയെ നന്ദിപൂർവ്വം ഓർത്തുകൊണ്ടും ഇനി മുന്നോട്ടുള്ള നാളുകളെ സമർപ്പിച്ചുകൊണ്ടും എല്ലാ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളും ഒത്തൊരുമിച്ച് സുകൃതവാരം ആചരിച്ചു.

എഴുപത്തിയഞ്ചാമാണ്ടിൽ എഴുപത്തിയഞ്ച് ലക്ഷം സുകൃതജപ സമർപ്പണം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന തലത്തിൽ ഈ പ്രത്യേക വാരം ആചരിച്ചത്.

- ഫെബ്രുവരി 13 ന് ആരംഭിച്ച സുകൃത വാരത്തിൽ എല്ലാ മിഷൻ ലീഗ് അംഗങ്ങളും രൂപതമേഖലശാഖ വ്യത്യാസമില്ലാതെ ദിവസവും 50 സുകൃതജപങ്ങൾ ചൊല്ലി ഇരുപതാം തിയ്യതി ഞായറാഴ്ച വി. കുർബാനയിൽ ചൊല്ലിയ സുകൃത ജപങ്ങളെ ചെറുപുഷ്പ മിഷൻ ലീഗിനായി സമർപ്പണം നടത്തുകയുമാണ് ചെയ്തത്.

## ENLIGHTEN വെബിനാർ പങ്കാളിത്തം

2022 ജനുവരി 30 ന് ഞായറാഴ്ച 3 മണി മുതൽ 5 മണി വരെ താമരശ്ശേരി രൂപത AOCC (സംഘടന കൂട്ടായ്മ) സംയുക്തമായി സംഘടിപ്പിച്ച ENLIGHTEN വെബിനാറിൽ മേഖല തലം വരെയുള്ള അംഗങ്ങൾ പങ്കെടുത്തു.' നവഭാരതം സൃഷ്ടിച്ചത് ക്രൈസ്തവരോ' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു സെമിനാർ.

പ്രശസ്ത ജേർണലിസ്റ്റും ചരിത്രകാരനും, Let There be India: Impact of Bible on Nation Building എന്ന പ്രശസ്ത പുസ്തകത്തിന്റെ രചയിതാവുമായ Dr. Babu K Varghese വെബിനാറിൽ ക്ലാസെടുത്തു.

## സുകൃതം - വിഡിയോ ചലഞ്ച്

- മേഖലകളിലെ ഭാരവാഹികൾ എല്ലാവരും ഒരു സുകൃത ജപം ചൊല്ലുന്ന വീഡിയോ എടുത്ത് എല്ലാ ഭാരവാഹികളുടെയും വീഡിയോകൾ എഡിറ്റ് ചെയ്ത് ഒറ്റ വീഡിയോ ആയി രൂപത സമിതിക്ക് അയച്ച് തന്നു. ഈ വീഡിയോ രൂപത സമിതിയുടെ യൂട്യൂബ് ചാനലിലും സുകൃത വാരത്തിലെ ഓരോ ദിവസങ്ങളിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്.

ഫെബ്രു 13 തോട്ടുമുക്കം മേഖല

ഫെബ്രു 14 പെരിന്തൽമണ്ണ മേഖല

ഫെബ്രു 15 കരുവാരക്കുണ്ട് മേഖല

ഫെബ്രു 16 മരുതോങ്കര മേഖല

ഫെബ്രു 17 താമരശ്ശേരി മേഖല

ഫെബ്രു 18 തിരുവമ്പാടി മേഖല

ഫെബ്രു 19 പാറോപ്പടി മേഖല

ഫെബ്രു 20 വിലങ്ങാട് മേഖല

ഫെബ്രു 20 കോടഞ്ചേരി മേഖല

മേഖലശാഖാ സമിതികൾ വിവിധങ്ങളായ രീതിയിൽ (വീഡിയോ, പോസ്റ്റർ, ചിത്രങ്ങൾ etc) സുകൃതവാരം മനോഹരമാക്കി.

### നന്ദി

ചെറുപുഷ്പ മിഷൻ ലീഗ് മേഖലാ ഡയറക്ടേഴ്സായി സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ ഇടവകയിലേയ്ക്ക് സ്ഥലം മാറി പോകുന്ന ഫാ. ലിബിൻ നെടുമല (കോടഞ്ചേരി) ഫാ. ലിവിൻ ചിറത്തലയ്ക്കൽ (പാറോപ്പടി) എന്നിവർക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു.

### സ്വാഗതം

ചെറുപുഷ്പ മിഷൻ ലീഗിന്റെ പുതിയ മേഖല ഡയറക്ടേഴ്സ് ആയി നിയമിതരായ ഫാ. ജോസഫ് അന്തീനാട്ട് (കോടഞ്ചേരി) ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ (പാറോപ്പടി) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

### മാർച്ച് മാസ പ്രോഗ്രാം

'കുടുംബം ദൈവവിളിയുടെ വിളനിലം'

2 ബുധൻ - വാർഷികധ്യാനം അവസാനിക്കുന്നു

6 ഞായർ - ദൈവവിളി ആശംസകാർഡ് അയക്കുന്ന ദിനം

12 ശനി - രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

18 വെള്ളി - ജറുസലെമിലെ വി. സിറിൾ തിരുനാൾ

19 ശനി - വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ

25 വെള്ളി - മംഗളവാർത്ത തിരുനാൾ

### *'വളരാൻ വളർത്താൻ'*

- പ്രയർസെൽ ചേർന്ന് പ്രാർത്ഥിക്കുക
- പരീക്ഷ ഒരുക്ക പ്രാർത്ഥനകൾ നടത്തുക
- വചനോപാസിക്കായി ഒരുങ്ങുക
- വിശുദ്ധരെ അറിയാം - വി. യോഹന്നാൻ

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

## വചനവസന്തം ബൈബിൾ ദൃശ്യാവതരണങ്ങൾ

തിരുബാലസഖ്യ ദിനത്തോടനുബന്ധിച്ച് വചനവസന്തം എന്ന പേരിൽ ബൈബിൾ ദൃശ്യാവതരണങ്ങൾസംഘടിപ്പിച്ചു.കുഞ്ഞുങ്ങളുമായി ബന്ധപ്പെട്ട ബൈബിൾ വചനങ്ങൾ ആസ്പദമാക്കി മുക്കം, തേക്കും കുറ്റി ,തേഞ്ഞിപ്പാലം, ചാത്തൻകോട്ടുനട, പുതുപ്പാടി ഇടവകകളിലെ തിരുബാലസഖ്യം കുട്ടികൾ മനോഹരമായി അവതരിപ്പിച്ച പരിപാടികൾ CML Thamarassery Diocese ചാനലിൽ സംപ്രേഷണം ചെയ്തു.

## മാർച്ച് മാസ പ്രോഗ്രാം

| | | |
|---|---|---|
| പ്രവൃത്തി | : | ദൈവവിളിയെക്കുറിച്ച് കുട്ടികൾക്ക് മനസിലാകുന്ന രീതിയിൽ ക്ലാസ്സ് നൽകുകയും അതിനെക്കുറിച്ചുള്ള ഒരു ചാർട്ട് നിർമ്മിച്ച് വിശദീകരിച്ച് കൊടുക്കുകയും ചെയ്യുക. |
| 6 ഞായർ | : | മത്താ. 7:21-27, റോമാ 6:15-23 |
| 13 ഞായർ | : | മത്താ. 20:17-28, റോമാ 7:14-25 |
| 19 ശനി | : | വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| 20 ഞായർ | : | യോഹ. 10:11-18, റോമ 14:13-23 |
| 25 വെള്ളി | : | മംഗളവാർത്ത തിരുനാൾ |
| 27 ഞായർ | : | യോഹ. 8:1-11, 1 യോഹ 1:5-10 |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമ ത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെ ക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ഫെബ്രുവരി മാസത്തിലെ ക്ലാസ്സുകൾ 12, 26 തീയതികളിൽ നടന്നു. ഫെബ്രുവരി 12ന് ക്ലാസെടുത്തത് താമരശ്ശേരി രൂപത ചാൻസലറും പ്രസിദ്ധ ധ്യാനഗുരുവുമായ ബഹു. ജോർജ് മുണ്ടനാട്ടച്ചനായിരുന്നു.

'വിശുദ്ധ കുർബാന സഭാ പ്രബോധനങ്ങളിൽ ' എന്ന വിഷയത്തെ ആസ്പദമാക്കി മൂന്നാമത്തെ ക്ലാസ്സ് ആണ് അദ്ദേഹം എടുത്തത്. ഫെബ്രുവരി 26ന് ക്ലാസ് എടുത്തത് പ്രസിദ്ധ അല്മായ ദൈവശാസ്ത്രജ്ഞനും 2008 ൽ വത്തിക്കാനിൽ വെച്ച് ദൈവവചനത്തെക്കുറിച്ച് നടന്ന സിനഡിൽ അല്മായ പ്രതിനിധിയായി പങ്കെടുക്കുകയും ചെയ്ത ഡോ.പി.സി അനിയൻകുഞ്ഞ് സാറാണ്. 'പരിശുദ്ധ കുർബാനയിലെ വിശുദ്ധനാട് തീർഥാടനം 'എന്നതായിരുന്നു വിഷയം. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഫെബ്രുവരി മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് പുതിയ ബാച്ച്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസിന്റെ പുതിയ ബാച്ച് 2022 ജനുവരി 16 ഞായറാഴ്ച്ച ആരംഭിച്ചു. എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്. അമ്പതോളം പേർ നിലവിൽ ക്ലാസിൽ സംബന്ധിക്കുന്നുണ്ട്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. ഈ ക്ലാസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 82813 46179 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

## സമുദായ ശാക്തീകരണ സെമിനാർ

രൂപതയിലെ വിവിധ സംഘടനകളുടെ പൊതുവേദിയായ AOCC യുടെ ആഭിമുഖ്യത്തിൽ 30.01.2022 ന് സംഘടിപ്പിച്ച സമുദായ ശാക്തീകരണ സെമിനാറിൽ (ഓൺലൈൻ) കോർപ്പറേറ്റ് സ്കൂളുകളിലെ മുഴുവൻ പ്രധാനധ്യാപകരും പ്രാതിനിധ്യസ്വഭാവത്തിൽ 200 ലേറെ അധ്യാപകരും സജീവമായി പങ്കെടുത്തു.

## സിനഡാത്മക സഭാജീവിതം : പ്രത്യേക ചർച്ച സംഘടിപ്പിച്ചു

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2023 ഒക്ടോബറിൽ റോമിൽ വിളിച്ചുചേർക്കുന്ന 16-ാം മത് ആഗോള മെത്രാൻ സിനഡിന്റെ ഒരുക്കമായി സിനഡിന്റെ മാർഗ്ഗരേഖ, ചർച്ചാസൂചകങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ "സിനഡാത്മക സഭാജീവിതം" എന്ന വിഷയത്തെപ്പറ്റി കോർപ്പറേറ്റ് സ്കൂൾ അധ്യാപക-അനധ്യാപക ജീവനക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച നടത്തുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് 2022 ഫെബ്രുവരി 4 വെള്ളിയാഴ്ച പ്രധാനധ്യാപകരുടെ പ്രത്യേക യോഗം ഓൺലൈനായി വിളിച്ചുചേർത്ത് നിർദ്ദേശം നൽകി. രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ആമുഖ പ്രഭാഷണവും പി.എം.ഒ.സി. ഡയറക്ടർ റവ. ഡോ. ഫിലിപ്പ് ചക്കുംമൂട്ടിൽ വിഷയാവതരണവും നടത്തി. കോർപ്പറേറ്റ് മാനേജർ റവ. ഫാ. ജോസഫ് വർഗ്ഗീസ് സ്കൂൾ തലത്തിൽ നടത്തേണ്ട ചർച്ചയുടെ സൂചകങ്ങളും ചോദ്യാവലിയും പരിചയപ്പെടുത്തി. എല്ലാ സ്കൂളുകളിലും പ്രത്യേക സ്റ്റാഫ് മീറ്റിംഗ് ചേർന്ന് ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ സിനഡാത്മക സഭാജീവിതം ഫലവത്താക്കാനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും വിശദമായ റിപ്പോർട്ട് തയ്യാറാക്കി ക്രോഡീകരണത്തിനായി സമർപ്പിക്കുകയും ചെയ്തു.

## അധ്യാപക നിയമനം : എഴുത്ത് പരീക്ഷ

കോർപ്പറേറ്റ് മാനേജ്മെന്റിനുകീഴിലുള്ള വിവിധ വിദ്യാലയങ്ങളിൽ അധ്യാപകരായി നിയമിക്കപ്പെടുന്നതിന് (ഹിന്ദി, ഉറുദു, സംസ്കൃതം, ചിത്രകല, കായികം, സംഗീതം, തുന്നൽ) അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്കുള്ള എഴുത്തു പരീക്ഷ 2022 മാർച്ച് 05 (ശനിയാഴ്ച) രാവിലെ 10.00 മുതൽ 12.00 വരെ തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽവെച്ച് നടത്തുന്നതാണ്.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## MTC Residential Course 2021-22

സ്റ്റാർട്ടിന്റെ പരിശീലനപരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട കോഴ്സായ പ്ലസ്ടു കഴിഞ്ഞകുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചുവരുന്ന ഏകവൽസര പരിശീലനകോഴ്സ് നടന്നുവരുന്നു. 10 മാസം ദീർഘിക്കുന്ന ഈ കോഴ്സ് മാർച്ച് 31ന് സമാപിക്കും. രാജ്യത്തെ ഉന്നതനിലവാരംപുലർത്തുന്ന സെൻട്രൽ യൂണിവേഴ്സിറ്റിപോലെയുള്ള സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് അവരുടെ അഭിരുചികണ്ടെത്തി അനുയോജ്യമായ കോഴ്സുകൾതെരഞ്ഞെടുക്കുന്നതിനും അഡ്മിഷൻ ഉറപ്പുവരുത്തുന്നതിനും സ്റ്റാർട്ട് പരിശീലനം നൽകുന്നുണ്ട്.

## 9, 10, 11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള തീവ്രപരിശീലന കോഴ്സ്

എല്ലാവർഷവും സമ്മർ അവധിക്കാലത്ത് നടത്താറുള്ള 9, 10, 11 ക്ലാസ് കഴിഞ്ഞവർക്കുള്ള തീവ്രപരിശീലന ക്ലാസുകൾ 2022 ഏപ്രിൽ 19 ചൊവ്വാഴ്ച്ച മുതൽ മെയ്10 ചൊവ്വാഴ്ച്ച വരെ നടത്തപ്പെടുന്നു. 21 ദിവസം നീണ്ടുനിൽക്കുന്ന ഈ കോഴ്സ് ക്യാമ്പസ്സിൽ താമസിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. കുട്ടികൾക്ക് ഉന്നതപഠനത്തിന് സഹായകമാകുന്ന രീതിയിൽ ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന കോഴ്സാണിത്.

മത്സരങ്ങളുടെ ലോകത്താണ് നാം ജീവിക്കുന്നത്. മത്സരപരീക്ഷകൾ വഴിയല്ലാതെ ഇന്നത്തെ ലോകത്ത് ഉന്നതവിജയം സാധ്യമല്ല. പ്ലസ്ടുകഴിഞ്ഞു ഉപരിപഠനത്തിനായി രാജ്യത്തെ മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടണമെങ്കിലും സർക്കാർ സ്വകാര്യതലങ്ങളിൽ മികച്ച ജോലി ലഭിക്കണമെങ്കിലും ഇത്തരം പരീക്ഷകളിൽ ഉയർന്നവിജയം ആവശ്യമാണ്.

ദേശീയ അന്തർദേശീയതലത്തിൽ നടത്തപ്പെടുന്ന മത്സരപരീക്ഷകൾക്കും തൊഴിൽ നിയമങ്ങൾക്കും ഇംഗ്ലീഷ് ഭാഷാസ്വാധീനവുംയുക്തിവിചാരവും പൊതുവിജ്ഞാനവും ഒഴിച്ചുകൂടാനാവാത്തതാണ്. ഇംഗ്ലീഷ് ഭാഷയും ലോജിക്കൽ റീസണിംഗും പൊതുവിജ്ഞാനവുംഅനായാസം കൈകാര്യംചെയ്യാനും ഉയർന്ന മത്സരപരീക്ഷകൾ വിജയിക്കാനും നമ്മൾ നടത്തുന്ന ഈ പരിശീലനം സഹായകരമാണ്. താല്പര്യമുള്ളവർ ഏപ്രിൽ 1ന് മുമ്പായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുകയോ 8590468035 എന്ന വാട്സ്ആപ്പ് നമ്പറിൽ മെസ്സേജ് അയക്കുകയോ ചെയ്യുക. ഫോൺ നമ്പർ 0495 2357843. e-mail: startindia@gmail.com

**ഫാ. ആന്റണി കാരികുന്നേൽ**
അസി. ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## ലോക റേഡിയോ ദിനം ആചരിച്ചു

തിരുവമ്പാടി അൽഫോൻസ കോളേജിൽ ജേണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെയും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെയും നേതൃത്വത്തിൽ ലോക റേഡിയോ ദിനം ആചരിച്ചു. 1946 ഫെബ്രുവരി 13 ന് ഐക്യരാഷ്ട്ര സഭ റേഡിയോ സംപ്രേക്ഷണം ആരംഭിച്ചതിന്റെ ആദര സൂചകമായാണ് എല്ലാ വർഷവും ഫെബ്രുവരി 13 ലോക റേഡിയോ ദിനമായി ആചരിക്കുന്നത്. ഇംഗ്ലീഷ് വിഭാഗം വിദ്യാർത്ഥികളുടെ സഹകരണത്തോടെ കോളേജ് എഫ് എം റേഡിയോ റീ ലോഞ്ച് ചെയ്തു.

ജേണലിസം വിദ്യാർത്ഥികൾ സംഘടിപ്പിച്ച പരിപാടികൾ കോളജ് പ്രിൻസിപ്പൽ ഡോ. കെ. വി ചാക്കോ ഉദ്ഘാടനം ചെയ്തു. റേഡിയോ മിർച്ചി 92.7 FM കോഴിക്കോട്, റേഡിയോ ജോക്കി RJ അഞ്ജു ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു. വിദ്യാർത്ഥികൾക്കായി RJ ഹണ്ട്, ലേഖന എഴുത്ത് മത്സരങ്ങൾ തുടങ്ങിയവ നടത്തി.

വൈസ് പ്രിൻസിപ്പൽ ഫാ. ഷെനിഷ് അഗസ്റ്റിൻ, അധ്യാപകരായ അമൽ ജിത്ത്, ദീപ ഡൊമിനിക്, സുധാകരൻ കെ, വിദ്യാർത്ഥി പ്രതിനിധികളായ സൂര്യ സതീശ്, ലയ, അൽഫിന, ഹാഷിം ഷറഫ്, ഋത്വിക് ടോം, മഹിത ഫിലിപ്പോസ്, നാദിയ, മുഹമ്മദ് നിഹാൽ, സാന്ദ്രാ മരിയ, ജോയൽ ആന്റണി, ആദർശ് സി, ഡെന്നി ജോസഫ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ബിരുദത്തോടൊപ്പം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ്

ഇംഗ്ലീഷ് ഭാഷയിൽ ഏറ്റവും മികച്ച Cambridge University യുടെ Business English Proficiency Certificate, ബിരുദ പഠനത്തോടൊപ്പം നേടാൻ വിദ്യാർഥികൾക്ക് സുവർണ്ണാവസരം.കോളേജിൽ വെച്ച് നടക്കുന്ന നൂറ് മണിക്കൂർ പരിശീലനത്തിന് ശേഷം Cambridge നടത്തുന്ന Linguaskill പരീക്ഷയിൽ C1, C2 ലഭിക്കുന്ന കുട്ടികൾക്ക് ഫ്രീ ആയി IELTS training നൽകുന്നതാണ്. 30 പേരടങ്ങുന്ന ബാച്ചുകളായാണ് കോഴ്സ് നടക്കുന്നത്. കോളേജിൽ പഠിക്കുന്ന അവസാന വർഷ വിദ്യാർത്ഥികൾക്കും, രണ്ടാം വർഷ വിദ്യാർത്ഥികൾക്കുമാണ് മുൻഗണന.

## ഫുഡ് അവയർനെസ് ശില്പശാല സംഘടിപ്പിച്ചു

അൽഫോൻസാ കോളേജിലെ ഇ ഡി ക്ലബിന്റെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി ഫുഡ് അവയർനെസ് ശില്പശാല നടത്തി ആരോഗ്യമുള്ള ജീവിത

ത്തിന് അനുയോജ്യമായ ലളിതവും രുചികരവുമായ ഭക്ഷണം തയ്യാറാക്കുന്ന പാചകകലയിൽ വിദ്യാർഥികളെ പ്രാവീണ്യം ഉള്ളവരാക്കാൻ നടത്തിയ ശില്പശാല കോളേജ് പ്രിൻസിപ്പാൾ ഡോ കെ. വി ചാക്കോ ഉദ്ഘാടനം ചെയ്തു.

താജ് ഗ്രൂപ്പിലെ മുഖ്യ ഷെഫ് ജോൺസൺ എം തോമസ് പാചകം ചെയ്തു കൊണ്ട് ശില്പശാല ആകർഷകമാക്കി നൂറോളം വിദ്യാർഥികൾക്ക് ഈ ശില്പശാല ഗുണകരമായി. ഇ ഡി ക്ലബ് സ്റ്റാഫ് കോർഡിനേറ്റർ ധന്യ കെ., സ്റ്റുഡന്റ് കോർഡിനേറ്റർ സിദ്ധാർഥ് മനോജ് എന്നിവർ പ്രസംഗിച്ചു അമ്പിളി കെ, ജിസാൻ ജോയ് തുടങ്ങിയവർ നേതൃത്വം നൽകി.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനും കൗൺസിലിങ്ങ് രംഗത്തേക്ക് പുതുതലമുറയെ വാർത്തെടുക്കുന്നതിനുമായി കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി ആരംഭിച്ച പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഓഫ് ലൈനായും ഓൺലൈനായും കൗൺസിലിങ്ങും ക്ലാസ്സും തുടരുന്നു.

### Information

1. കോഴിക്കോട് രൂപതാദ്ധ്യക്ഷൻ റൈറ്റ്. റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ കൂരിയ അംഗങ്ങളുമൊന്നിച്ച് ഫെബ്രുവരി 10ന് പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചു.

2. പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്, താമരശ്ശേരി രൂപതയുടെ സെന്റ് അൽഫോൻസ മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾക്കായി വൺഡേ സെമിനാർ നടത്തി. പ്രസ്തുത പ്രോഗ്രാമിൽ സെമിനാരി വിദ്യാർത്ഥികളോടൊപ്പം, റെക്ടർ വൈസ് റെക്ടർ തുടങ്ങിയവരും പങ്കെടുത്തു.

**3. ഓൺലൈൻ/ ഓഫ്ലൈൻ ക്ലാസ്സുകൾ**

എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി, ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം ആൻഡ് ഇംഗ്ലീഷ്, സിസ്റ്റേഴ്സിനുമാത്രമായുള്ള ഡിപ്ലോമ കോഴ്സ് എന്നീ ക്ലാസ്സുകൾ നടക്കുന്നു.

**4. അഡ്മിഷൻ തുടരുന്നു**

പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോ

തെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു

1. എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി
2. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓൺലൈൻ)
3. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം (ഓൺലൈൻ)
4. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് ഇംഗ്ലീഷ് (ഓൺലൈൻ)
5. ഡിപ്ലോമ കോഴ്സ് (ഓൺലൈൻ)

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

ALPHA
Inspire to Illumine

# ആൽഫ മരിയ അക്കാദമി

1. ആൽഫ മരിയ അക്കാദമിയും തിരുവമ്പാടി അൽഫോൻസാ കോളേജും സംയുക്തമായി ആരംഭിച്ച ഓൺലൈൻ ഇംഗ്ലീഷ് ഗ്രാമർ കോഴ്സിന്റെ രണ്ടാമത്തെ ബാച്ച് മാർച്ച് ഒന്നിന് ആരംഭിക്കുന്നു.

2. ആൽഫ മരിയ അക്കാദമിയും തിരുവമ്പാടി അൽഫോൻസാ കോളേജും സംയുക്തമായി ആരംഭിച്ച ഹൈ ക്വാളിറ്റി ഇംഗ്ലീഷ് ഗ്രാമർ കോഴ്സിന്റെ രണ്ടാമത്തെ ബാച്ച് മാർച്ച് ഒന്നു മുതൽ ആരംഭിക്കുന്നു. തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം 5 മണി മുതൽ 7 മണി വരെ തിരുവമ്പാടി ആൽഫ അക്കാദമിയിൽ വച്ചാണ് ക്ലാസ്നടക്കുന്നത്.

3. ബിഎ, എം എ ഇംഗ്ലീഷ് എൻട്രൻസ് എക്സാം-2022 പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കായി ഓൺലൈൻ ഇംഗ്ലീഷ് പരിശീലന ക്ലാസുകൾ മാർച്ച് ഒന്നു മുതൽ ആരംഭിക്കുന്നു

4. ആൽഫ മരിയ അക്കാദമിയിൽ യു.പി സ്കൂൾ വിദ്യാർഥികൾ ക്കായി അവധിക്കാല പഠന ക്യാമ്പ് നടത്തുന്നു. ഇംഗ്ലീഷ്, ഹിന്ദി വ്യാകരണ പരിശീലനം, സ്പോക്കൺ ഇംഗ്ലീഷ്, കണക്ക്, വ്യക്തിത്വ വികസനം പ്രസംഗകല തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12:30 വരെയാണ് ക്ലാസ്സുകളുടെ സമയം. മുൻകൂട്ടി ബുക്ക് ചെയ്യുന്ന 50 പേർക്കാണ് അവസരം ഉണ്ടായിരിക്കുക.

5. ലക്ഷ്യബോധത്തോടെ പഠിക്കാനും ലക്ഷ്യപ്രാപ്തിക്കായി കഠിനാധ്വാനം ചെയ്യുവാനും ഉയർന്ന വിജയം നേടുവാനും വിദ്യാർത്ഥികളെ പ്രചോദിപ്പിക്കാൻ

2022-2023 വർഷത്തെ 8, 9, 10 ട്യൂഷൻ ക്ലാസ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

STD- X ഇംഗ്ലീഷ്, കണക്ക്, ഹിന്ദി, സയൻസ്, STD- IX ഇംഗ്ലീഷ്, കണക്ക്, ഹിന്ദി, STD- VIII ഇംഗ്ലീഷ്, കണക്ക്, ഹിന്ദി.

6. ആൽഫ മരിയ അക്കാദമിയിൽ ഹൈസ്കൂൾ തലം മുതലുള്ള വിദ്യാർത്ഥികൾക്കായി ഒരു മാസത്തെ ഇംഗ്ലീഷ് ഗ്രാമർ, സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം 2022 ഏപ്രിൽ 20 മുതൽ മെയ് 20 വരെ നടത്തുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് സീറ്റ് ഉള്ളത്.

**കെ. ടെറ്റ് (1 6) പരിശീലനം:**

7. അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് 7 നിർബന്ധമാക്കിയിരിക്കുന്നതിനാൽ അതിനുള്ള പരിശീലനം ഫെബ്രുവരി 14-ാം തീയതി മുതൽ ആരംഭിച്ചിരിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആൽഫയുടെ ഓഫീസുമായി ബന്ധപ്പെടുക. Phone : 7907028758, 9400297653

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

## മാതൃവേദി

**പ്രവർത്തനവർഷ ആരംഭം**

മാതൃവേദിയെ സംബന്ധിച്ച് പുതിയൊരു പ്രവർത്തന വർഷവും പുതിയ ഭാരവാഹികളുടെ തെരെഞ്ഞെടുപ്പോടെ പുതുമുഖത്തോടെ എല്ലാ കാര്യങ്ങൾക്കും ആരംഭം കുറിക്കുകയുമാണ്. ഫെബ്രുവരി 12 ന് രൂപത ഓഫീസിൽ വച്ച് നടന്ന തെരെഞ്ഞെടുപ്പിൽ പുതിയ എക്സിക്യൂട്ടീവ് കമ്മറ്റി ഭാരവാഹികളെ തെരഞ്ഞെടുത്തു. കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിനെ കുറിച്ച് ചില കാര്യങ്ങൾ താഴെ നൽകുന്നു

**വാർഷിക റിപ്പോർട്ട്**

2021 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് രൂപതയിൽ എത്തിക്കുന്നതിന് മുന്നോടിയായി എല്ലാ മേഖലകളും തങ്ങളുടെ കീഴിലുള്ള ഇടവകകളുടെ വാർഷിക റിപ്പോർട്ടുകൾ സമാഹരിക്കുകയും ഏറ്റവും നല്ല രണ്ട് യൂണിറ്റുകളെ കണ്ടെത്തുകയും ചെയ്യേണ്ടതാണ്. ഈ രണ്ട് യൂണിറ്റുകളുടെ വാർഷിക റിപ്പോർട്ട് മാർച്ച് അഞ്ചാം തീയതി നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടന മീറ്റി

ങ്ങിന് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. ഓരോ മേഖലയും മേഖലാ വാർഷിക റിപ്പോർട്ടും അവരവരുടെ മേഖലയിൽ നിന്നുള്ള മികച്ച രണ്ടു യൂണിറ്റുകളുടെ റിപ്പോർട്ടും ആണ് രൂപതയിൽ എത്തിക്കേണ്ടത്.

### പുതിയ ഭാരവാഹികൾ

പ്രസിഡന്റ് - ലിസി ജോസ് കൂട്ടിയാനിക്കൽ, കൂടത്തായി
വൈസ് പ്രസിഡന്റ് - ജിഷ മാണിയ്ക്കനാംപറമ്പിൽ, കൽക്കുണ്ട്
സെക്രട്ടറി - ജെസി പൊൻമലകുന്നേൽ, വിലങ്ങാട്
ജോയിന്റ് സെക്രട്ടറി - സൗമ്യ പാലക്കുടിയിൽ, വാലില്ലാപ്പുഴ
ട്രഷറർ - പിൽസി ജോണി തിരുമല, കോടഞ്ചേരി

എക്സിക്യൂട്ടീവ് മെമ്പേഴ്സ്

ബബിത ആൻ ജോസഫ് കൊല്ലറേട്ട്, മരിയാപുരം
സിനി ബിനു കന്നാലിൽ, കരിങ്ങാട്
മോനി സേവ്യർ തെക്കേതൊട്ടിയിൽ, തിരുവമ്പാടി
സിമി ജോൺസൺ കണിച്ചേരി, കക്കയം
സ്വപ്ന മനീഷ് പിണക്കാട്ട്, അശോകപുരം
ഷീജ വിനോദ് മുണ്ടയ്ക്കൽ, കൊണ്ടോട്ടി

### എൻലൈറ്റൻ

AKCC യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'നവഭാരതം സൃഷ്ടിച്ചത് ക്രൈസ്തവരോ' എന്ന സമുദായ ശാക്തീകരണ വെബിനാറിൽ എല്ലാ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

### ഉണർവ്വ്

രൂപതയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട മാതൃവേദി ഭാരവാഹികൾക്കായി രണ്ടു ഘട്ടമായി ഓൺലൈൻ നേതൃസംഗമം നടത്തുന്നു.

ഫെബ്രുവരി 20 ഞായറാഴ്ച 3.00 മണിക്ക് മേഖലാ ഭാരവാഹികൾക്കും ഫെബ്രുവരി 27 ഞായറാഴ്ച 3.00 മണിക്ക് യൂണിറ്റ് ഭാരവാഹികൾക്കും ഗൂഗിൾ മീറ്റ് വഴിയാണ് വെബിനാർ സംഘടിപ്പിച്ചിരിക്കുന്നത്.

### ക്രിസ്മസ് ഗാർലന്റ് മത്സരം

ക്രിസ്തുമസിനോട് അനുബന്ധിച്ച് താമരശ്ശേരി രൂപതാ മാതൃവേദി സംഘടിപ്പിച്ച ക്രിസ്മസ് ഗാർലന്റ് മത്സരത്തിൽ പൗളിൻ ജോസ് കുണ്ടായിത്തോട്, ഫിൽസി ജോണി കോടഞ്ചേരി, ജോളി ജോസഫ് തേഞ്ഞിപ്പാലം എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. മിനി ജോസ്, ജെന്നി മനോജ്, ജോസ്ന ജോസ് എന്നിവർ പ്രോത്സാഹന സമ്മാനത്തിന് അർഹരായി.

രൂപതാ മാതൃവേദിയുടെ youtube channel ലൂടെ വിന്നി ജെബിൻ, ഹണി സെബാസ്റ്റ്യൻ എന്നിവർ ആലപിച്ച ക്രിസ്മസ് ഗാനങ്ങൾ പോസ്റ്റ് ചെയ്തു.

### നേതൃസംഗമം പെരിന്തൽമണ്ണ മേഖല

പെരിന്തൽമണ്ണ മേഖലയിലെ ഭാരവാഹികളുടെ നേതൃസംഗമവും സ്ഥാനാരോഹണവും 15.01.2022 ന് പെരിന്തൽമണ്ണ വി. അൽഫോൻസ ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി

---

# കെ.സി.വൈ.എം.

### ജോബ് ഫെയർ ട്രെയിനിങ്

കെ.സി.വൈ.എം എസ്.എം വൈ. താമരശ്ശേരി രൂപതയുടെയും G-Tec കമ്പ്യൂട്ടർ സെന്ററിന്റെയും നേതൃത്വത്തിൽ എങ്ങനെ ഒരു സിവി തയ്യാറാക്കാം? എങ്ങനെ ഇന്റർവ്യൂ അറ്റൻഡ് ചെയ്യണം? എന്നീ വിഷയങ്ങളെ അധികരിച്ച് ജനുവരി 23 -ാം തീയതി ജോബ് ഫെയറിന് ഒരുക്കമായുള്ള ട്രെയിനിങ് പ്രോഗ്രാം ഓൺലൈൻ പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ചു. കൈതപ്പൊയിൽ ലിസ കോളേജ് പ്രൊഫസർ ശ്രീ. ഷൈജു അതിരമ്പുഴ ക്ലാസ് നയിച്ചു. നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## LEAD - (Leaders Empowering and Development-Camp)

### 1. രൂപതാ സമിതി

### നേതൃപരിശീലന ക്യാമ്പ്

രൂപത ഭാരവാഹികൾക്ക് വേണ്ടി ജനുവരി 25, 26 തീയതികളിൽ കക്കാടംപൊയിൽ സിഎംസി സ്കൂളിൽ വെച്ച് നടത്തപ്പെട്ടനേതൃത്വ പരിശീലന ശില്പശാലയിൽ രൂപത സമിതി അംഗങ്ങളായ 25 പേർ പങ്കെടുത്തു. ശ്രീ. ഷൈജു അതിരമ്പുഴ, സി. ജിനു, ഫാ. മെൽവിൻ എന്നിവർ ക്യാമ്പ് നയിച്ചു. ബഹുമാനപ്പെട്ട വികാരി ജനറൽ ഫാ. ജോൺ ഒറവുങ്കര ക്യാമ്പ് സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഐസ് ബ്രേക്കിങ് സെക്ഷൻ, ലീഡേഴ്ഷിപ് ഗെയിംസ് ആൻഡ് തിയറീസ്, പ്രസംഗ പരിശീലനം, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, മെഡിറ്റേഷൻ ആൻഡ് പേർസണൽ പ്രയർ, ക്യാമ്പ് ഫയർ, ട്രക്കിംഗ്, റോസ്റ്റിംഗ് തുടങ്ങി നിരവധി സെക്ഷനുകൾ ഉൾപ്പെടുത്തിയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. സ്ഥലം ഒരുക്കിയ സി എം സി സിസ്റ്റേഴ്സും, സംവിധാന

ങ്ങൾ ഒരുക്കി സഹകരിച്ച ഇടവക വികാരി ഫാ. സുദീപ് കിഴക്കരക്കാട്ടിനും മേഖല യൂണിറ്റ് സമിതി അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദി.

### 2. LEAD മേഖലാ സമിതി

### നേതൃ പരിശീലനം

മേഖലാ ഭാരവാഹികൾക്ക് വേണ്ടിയുള്ള നേതൃത്വ പരിശീലന ശിൽപശാല LEAD തിരുവമ്പാടി അൽഫോൻസാ കോളേജിൽവെച്ച് ഫെബ്രുവരി 5, 6 തീയതികളിൽ നടത്തപ്പെട്ടു. 45 മേഖല ഭാരവാഹികൾ പങ്കെടുത്ത ക്യാമ്പിൽ ശ്രീ ഷൈജു അതിരമ്പുഴ, ശ്രീ. ബോബൻ കൊക്കപ്പുഴ, സിസ്റ്റർ ജിനു എന്നിവർ ക്യാമ്പ് നയിച്ചു.

രൂപതാ പ്രസിഡണ്ട് ശ്രീ. അഭിലാഷ് ബാബു, ജനറൽ സെക്രട്ടറി ശ്രീ. റിച്ചാൾഡ് ജോൺ എന്നിവരും രൂപതാ സമിതി അംഗങ്ങളും തിരുവമ്പാടി യൂണിറ്റ് സമിതി അംഗങ്ങളും ക്യാമ്പിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. സ്ഥലം ഒരുക്കിയ അൽഫോൻസ കോളേജ് അധികൃതർക്ക് ഹൃദയപൂർവ്വം നന്ദി.

### 2021 പുൽക്കൂട് മത്സരവിജയികൾ

കെ സി വൈ എം എസ് എം വൈ എം താമരശ്ശേരി രൂപത ഓൺലൈനിൽ നടത്തിയ 2021 വർഷത്തെ പുൽക്കൂട് മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. പനംപ്ലാവ് യൂണിറ്റ് ഒന്നാംസ്ഥാനവും ചെമ്പുകടവ് യൂണിറ്റ് രണ്ടാം സ്ഥാനവും മഞ്ഞവയൽ യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പങ്കെടുത്തവർക്കും വിജയിച്ചവർക്കും ഹൃദയപൂർവം നന്ദി.

### സംസ്ഥാന കലോത്സവ വിജയികൾക്കുള്ള സമ്മാന വിതരണം

ഉത്സവ് 2021 സംസ്ഥാന കലോത്സവത്തിൽ വിജയികളായി കെ സി വൈ എം എസ് എം വൈ എം താമരശ്ശേരി രൂപതയ്ക്ക് സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കാൻ പ്രയത്നിച്ച കലാപ്രതിഭകൾക്ക് ഫെബ്രുവരി അഞ്ചാം തീയതി ബിഷപ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കൈമാറുകയും അഭിനന്ദനവും നന്ദിയും അറിയിക്കുകയും ചെയ്തു. ക്രിസ്മസ് ചലഞ്ച്, മാർ പോൾ ചിറ്റിലപ്പള്ളി മെമ്മോറിയൽ പ്രസംഗ മത്സരം എന്നിവയുടെ സമ്മാനദാനവും ഇതോടൊപ്പം നിർവഹിച്ചു.

### കരുവാരകുണ്ട് മേഖലാ പ്രായാൺ

മേഖലകളെ ഊർജ്ജസ്വലമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നടത്തുന്ന രൂപതാ സമിതിയുടെ ഔദ്യോഗിക മേഖല സന്ദർശനം ആയ പ്രയാൺ കരുവാരകുണ്ട് മേഖലയിൽ ഫെബ്രുവരി മാസം പന്ത്രണ്ടാം തീയതി സംഘടിപ്പിച്ചു. മേഖലയിലെ 6 ഇടവകകളിൽ നിന്നായി നാൽപതോളം യുവജനങ്ങൾ സംഗമത്തിൽ പങ്കെടുത്തു. കാളികാവിൽ വച്ച് നടന്ന പരിപാടി ഫാ. മാത്യു കണ്ടശാംകുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, രൂപത പ്രസിഡണ്ട് ശ്രീ. അഭിലാഷ് കുടിപ്പാറ, മേഖല ഇൻചാർജ് അഖിൽ

എബ്രഹാം, മേഖല ഡയറക്ടർ ഫാ. ബോബി പൂവത്തിങ്കൽ എന്നിവർ നേതൃത്വം നൽകി.

### പ്രതിഷേധങ്ങൾ, ഐക്യദാർഢ്യങ്ങൾ

1. ജനുവരി 28 ന് ഫാ. ആന്റണി തറേക്കടവിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.
2. സന്യസ്ത ജീവിതങ്ങളെ അപഹസിക്കുന്ന ഫോട്ടോഷൂട്ട് ട്രെൻഡുകൾക്ക് നേരെ കെ സി വൈ എം എസ് എം വൈ എം താമരശ്ശേരി രൂപത ശക്തമായി പ്രതിഷേധിച്ചു.
3. പരസ്യചിത്രത്തിലൂടെ കുമ്പസാരത്തെ അവഹേളിച്ച വൈദികനോട് ഫെബ്രുവരി 7 ന് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.
4. നിരന്തരമായ കർഷകവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്ന കോർപ്പറേറ്റ് മാധ്യമങ്ങളെ എതിർക്കുകയും മലയോര കർഷകർക്ക് വേണ്ടി സധൈര്യം സംസാരിച്ച ദീപികയ്ക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.
5. പെൻഷൻ പ്രായം ഉയർത്താനുള്ള നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഫെബ്രുവരി 17ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്കും ധനകാര്യ മന്ത്രിക്കും പ്രതിപക്ഷനേതാവിനും നിവേദനം സമർപ്പിച്ചു.

### INFINITO മലപ്പുറം മേഖല കായിക മത്സരങ്ങൾ

മലപ്പുറം മേഖലയുടെ നേതൃത്വത്തിൽ നടത്തിയ INFINITO കായിക മാമാങ്കം ഫെബ്രുവരി 20 ന് സമാപിച്ചു. ഏറ്റവുമധികം പോയിന്റുകൾ നേടി കൂമൻകുളം യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഷട്ടിൽ, കബഡി, വടംവലി, വോളിബോൾ തുടങ്ങി നിരവധി കായിക ഇനങ്ങൾ ഉൾപ്പെടുത്തിയാണ് സ്പോർട്സ് മീറ്റ് സംഘടിപ്പിച്ചത്. സമാപന ചടങ്ങിൽ രൂപത പ്രസിഡന്റ് ശ്രീ. അഭിലാഷ് കുടിപ്പാറ മുഖ്യഅതിഥിയായി പങ്കെടുത്തു.

### തണൽവീട് വെഞ്ചിരിപ്പ്

എസ് എം വൈ എം അബുദാബിയുടെ സഹകരണത്തോടെ കെ സി വൈ എം എസ് അമ്മയും താമരശ്ശേരി രൂപത കാറ്റുള്ളമല യൂണിറ്റിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം ഫെബ്രുവരി 26 ന് രാവിലെ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. ഇടവക വികാരി ഫാ. കുര്യാക്കോസ് കൊച്ചു കൈപ്പയിൽ, ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, രൂപതാ മേഖലാ ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. ഈ ഭവനത്തിന്റെ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി സാമ്പത്തിക സഹായങ്ങൾ നൽകിയ എല്ലാ യൂണിറ്റുകൾക്കും ഉപകാരികൾക്കും പ്രത്യേകമായി നിർമ്മാണപ്രവർത്തനങ്ങളിൽ സഹകരിച്ച കാറ്റുള്ളമല ഇടവക അംഗങ്ങൾക്കും യുവജനങ്ങൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

### മറ്റു പരിപാടികൾ

1. സംസ്ഥാന സിൻഡിക്കേറ്റ് കളമശ്ശേരിയിൽ വച്ച് നടന്ന സംയുക്ത സംസ്ഥാന സിൻഡിക്കേറ്റ് യോഗത്തിൽ രൂപതയിൽ നിന്നുള്ള സംസ്ഥാന സിൻഡിക്കേറ്റ്

അംഗം ലെറ്റിഷ ജോഷി പങ്കെടുത്തു.

2. കൂടരഞ്ഞി ഇടവകയിൽ യുവജന ബോധവൽക്കരണവും യൂണിറ്റ് ഇലക്ഷനും നടത്തി.
3. മേഖല ഡയറക്ടർ ആനിമേറ്റേഴ്സ് മീറ്റിംഗ് ഫെബ്രുവരി 14 ന് നടത്തി.
4. രൂപത എക്സിക്യൂട്ടീവ് യോഗം ഫെബ്രുവരി പതിനൊന്നാം തീയതി MMMPC യിൽ വെച്ചു നടന്നു.
5. തണൽ വീട് സംയുക്ത കമ്മിറ്റി യോഗം നടത്തി.

## അറിയിപ്പുകൾ

### 1. പരീക്ഷ ഒരുക്ക സെമിനാർ

എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർഥികൾക്കായി എല്ലാ മേഖലകളിലും പരീക്ഷ ഒരുക്ക സെമിനാർ നടത്തുന്നു. രൂപതയുടെ നേതൃത്വത്തിൽ പെരിന്തൽമണ്ണ ഫൊറോനയിൽ പരീക്ഷ ഒരുക്ക സെമിനാർ നടത്തുന്നതായിരിക്കും.

2. വുമൺസ് ഡേ വനിതാ സംഗമം

മാർച്ച് 8 വനിതാ ദിനത്തോടനുബന്ധിച്ച് വനിതാ വിംഗ് അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് ഓൺലൈൻ വനിതാ സംഗമം നടത്തുന്നു.

3. വിമോചൻ (Anti drug campaign)

വ്യാപകമായിക്കൊണ്ടിരിക്കുന്ന കഞ്ചാവ് മയക്കുമരുന്ന് ഉപയോഗത്തിന് തടയിടാനായി കെസിവൈഎം എസ് എം വൈ എം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ വിമോചന പ്രോഗ്രാം ആരംഭിക്കുന്നു. ഡി അഡിക്ഷൻ, വിജിലൻസ് സെൽ, ബോധവൽക്കരണം, മീഡിയ ബോധവൽക്കരണം എന്നിങ്ങനെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുന്നതാണ് ഈ പരിപാടി.

4. യൂണിറ്റ് അനിമേറ്റെഴ്സ് മീറ്റ്

യൂണിറ്റ് ആനിമേറ്റർമാരുടെ മീറ്റിംഗ് മാർച്ച് മാസം ഇരുപതാം തീയതി ഞായറാഴ്ച രൂപതാ ഭവനത്തിൽ വച്ച് നടത്തപ്പെടുന്നു.

5. ഫെബ്രുവരി 26, 27 തീയതികളിൽ യൂണിറ്റ്തല ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാം LEAD കൂടത്തായി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.
6. ആത്മ സംസ്ഥാനതല ഡയറക്ടേഴ്സ് അനിമേറ്റേഴ്സ് മീറ്റ് മാർച്ച് ഒന്നാം തീയതി POC യിൽ നടത്തപ്പെടുന്നു.
7. മാർച്ച് 12ന് അൽഫോൻസ കോളേജിൽ വെച്ച് ജോബ് ഫെയർ നടത്തപ്പെടുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ജീസസ് യൂത്ത്

ജീസസ് യൂത്ത് കോഴിക്കോട് സോൺ പ്രായഭേദമന്യേ ഏവരിലേക്കും ക്രിസ്തുരാജ്യം പ്രഘോഷിക്കാൻ അനവധി പ്രവർത്തനങ്ങൾ ഒരുക്കുക വഴി ദൈവസ്നേഹത്തിൽ ഏവരെയും ചേർത്ത് പിടിക്കാൻ സോണിന് സാധിക്കുന്നുണ്ട്.

## STUDY GROUP

ജീസസ് യൂത്ത് ഫോർമേഷൻ കൃത്യമായി നടത്തുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മനോഹരമാക്കുന്നതിനും വേണ്ടി നടത്തുന്ന കൂട്ടായ്മയാണ് STUDY GROUP എല്ലാ ബുധനാഴ്ചയും രാത്രി 8-9.30 വരെയാണ് ഈ കൂട്ടായ്മ നടത്തപ്പെടുന്നത്.

## ZONAL GATHERING

ഒരു സോൺ മുഴുവൻ ഒന്ന് ചേർന്ന് പ്രാർത്ഥിക്കുകയും വിശേഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്ന സ്ഥലമാണ് സോണൽ ഗാതറിംഗ്. മാസത്തിന്റെ അവസാന ആഴ്ചയാണ് സോണൽ ഗാതറിംഗ് നടത്തുന്നത്.

## IGNITE

സോണിലെ നേഴ്സുമാരുടെ ഒത്തുചേരലാണ് IGNITE. എല്ലാ മാസവും പ്രാർത്ഥനയിലും പ്രവർത്തനത്തിലും ഒന്നു ചേരാൻ മീറ്റിങ്ങ് നടത്തുന്നു.

## HOUSE HOLD MEETING

ഒരു സ്ഥലത്തുള്ള എല്ലാ ജീസസ് യൂത്തും ഒന്നിച്ച് കൂടി പ്രാർത്ഥിക്കുന്നതാണ് Household gathering. മലപ്പുറം, തിരുവമ്പാടി, കോഴിക്കോട് സിറ്റി, കൂരാച്ചുണ്ട് എന്നിങ്ങനെ നാല് House hold ആണ് കോഴിക്കോട് സോണിന് ഉള്ളത്. കോവിഡിന്റെ സാഹചര്യത്തിൽ കൂട്ടായ്മ ഓൺലൈൻ ആയി നടത്തപ്പെടുന്നു.

## JESUS ARMY PRAYER GROUPS

ജീസസ് യൂത്ത് സമർപ്പണം/ പുനഃസമർപ്പണം നടത്തിയ ജീസസ് യൂത്ത് എല്ലാവരും 15 ഗ്രൂപ്പുകളായി തിരിഞ്ഞു. അവരുടെ ഒത്തുചേരലാണ് ഈ പ്രാർത്ഥനാ ഗ്രൂപ്പ്.

## Acts 29

കോഴിക്കോട് ക്യാമ്പസ് മിനിസിട്രിയുടെ ഭാഗമായി കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കൂട്ടായ്മയാണിത്. യുവജനങ്ങളുടെ ഒത്തുചേരലിനും ദൈവരാജ്യപ്രഘോഷണത്തിനും ഇത് സഹായിക്കുന്നു.

### Parish Ministry

ഇടവകകളിലൂടെ ദൈവസ്നേഹം പകർന്ന് നൽകുന്നതിന് ഈ മിനിസ്ട്രി സഹായകമാകുന്നു.

ഡിസംബർ മാസത്തിൽ ഏകദേശം 82 ഓളം ഇടവക വികാരികൾക്ക് ഒരു ക്രിസ്തുമസ് സമ്മാനമായി കെയ്റോസും ഊറാറയും നൽകിയിരുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ

## ഇൻഫാം

താമരശ്ശേരി  രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ മരുതോങ്കര മേഖലയിലെ ഇടവകകളിലെ ഇൻഫാം ഭാരവാഹികളുടെ സമ്മേളനം 27-2-2022ന് മരുതോങ്കര പള്ളിയിൽ വച്ച് നടന്നു. കോടഞ്ചേകി മേഖല ഇൻഫാം ഭാരവാഹികളുടെ സംഗമം വരുന്ന മാസം 6-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് കോടഞ്ചേരി പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. വികാരിയച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിച്ച് ഇവരെ സമ്മേളനത്തിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ** **ഫ ാ .**
**ജോസ് പെണ്ണാപറമ്പിൽ**
രൂപതാ പ്രസിഡന്റ്, ഇൻഫാം ഡയറക്ടർ, ഇൻഫാം

## കത്തോലിക്കാ കോൺഗ്രസ്

**എക്സ്സോഡസ് 22**
**രൂപത നേതൃസംഗമം**

താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസിന്റെ നേതൃസംഗമം എക്സ്സഡോസ് 22 ജനുവരി മാസം എട്ടാം തീയതി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു.

വികാരി ജനറാൾ മോൺ. ജോൺ ഒറവുംകര ഉദ്ഘാടനം ചെയ്ത ചടങ്ങിൽ രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. രൂപതാ

ജനറൽ സെക്രട്ടറി ശ്രീ. അനീഷ് വടക്കേൽ സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ പുതിയ വർഷത്തെ സംഘടനയുടെ കർമ്മപരിപാടികൾ വിശദീകരിച്ചു. കത്തോലിക്ക കോൺഗ്രസിന്റെ ചരിത്രത്തെയും ഇന്നിന്റെ പ്രാധാന്യത്തെയും സമുദായം നേരിടുന്ന വെല്ലുവിളികളെയും പരിഹാര മാർഗങ്ങളെയും ഓർമിപ്പിച്ചുകൊണ്ട് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് എബ്രഹാം മാത്യു ക്ലാസ്സ് നയിച്ചു. സംഘടനയുടെ പതാക ഉയർത്തി കൊണ്ട് ആരംഭിച്ച പരിപാടിയിൽ ഹാർട്ട് ലിങ്കിസിന്റെ പ്രവർത്തനങ്ങളെയും മേഖലകോഡിനേറ്റഴ്സിനെയും രൂപത കോഡിനേറ്റർ ഷാജി കണ്ടത്തിൽ പരിചയപ്പെടുത്തി. കത്തോലിക്ക കോൺഗ്രസ് യൂത്ത് വിംഗ് പ്രവർത്തനങ്ങളെ വിലയിരുത്തി ശ്രീ. ജോമോൻ മതിലകത്ത് സംസാരിച്ചു. അൽഫോൻസ കോളേജിനോട് സഹകരിച്ചുകൊണ്ട് ജനുവരി 22ന് നടത്തുന്ന മെഗാ ജോബ് ഫെയറിനെ ശ്രീ. ജോസഫ് മൂത്തേടത്ത് പരിചയപ്പെടുത്തി. വിഷരഹിത ഭക്ഷ്യ വിതരണസംരംഭമായ വി കെയറിനെ പരിചയപ്പെടുത്തി ശ്രീ. ബേബി കിഴക്കുംഭാഗം സംസാരിച്ചു. തുടർന്ന് മേഖല അടിസ്ഥാനത്തിൽ നേതാക്കൾ ഗ്രൂപ്പ് ചർച്ചകൾ നടത്തി റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചയ്ക്ക് ഗ്ലോബൽ സമിതി ഭാരവാഹികളായ ശ്രീ. ബേബി പെരുമാലിൽ, ശ്രീമതി ട്രീസാ ഞരളക്കാട്ട് എന്നിവർ നേതൃത്വം നൽകി. സമാപനയോഗത്തിൽ വൈസ് പ്രസിഡണ്ട് ശ്രീ. തോമസ് മുണ്ടുപ്ലാക്കൽ, ട്രഷറർ ജോയിനെല്ലിക്കുന്നേൽ എന്നിവർ സംസാരിച്ചു. യൂണിറ്റ് ഭാരവാഹികളുംഫൊറോന ഭാരവാഹികളും രൂപത നിർവാഹകസമിതി പ്രവർത്തകസമിതി അംഗങ്ങളും കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് സമ്മേളനത്തിൽ പങ്കെടുത്തു. കത്തോലിക്ക കോൺഗ്രസ് നേതാക്കളെ പറഞ്ഞയച്ച ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്ക് നന്ദി.

### ഹെയർ ഫാമിലി കുടുംബ സംഗമം വലിയകൊല്ലി ഇടവക

കത്തോലിക്ക കോൺഗ്രസ് വലിയകൊല്ലി ഇടവക യൂണിറ്റ് അംഗങ്ങളുടെ കുടുംബങ്ങളെ ഒരുമിച്ചുചേർത്തുകൊണ്ട് ഡിസംബർ 29 ന് ഫെയർ ഫാമിലി കുടുംബസംഗമം നടത്തി. ക്രൈസ്തവ വിശ്വാസത്തിനും ധാർമികതക്കും അനുസൃതമായി മാതൃകാപരമായി ജീവിക്കുകയും കാലികമായ കത്തോലിക്ക സമുദായത്തിന്റെ പ്രശ്നങ്ങൾക്ക് അനുസൃതമായി കുടുംബത്തെ ക്രമീകരിക്കുകയും ചെയ്യുന്ന സമുദായ സ്നേഹം ഉള്ള കുടുംബങ്ങളെ രൂപീകരിക്കുക എന്ന ഉദ്ദേശത്തോടെ നടത്തുന്ന കുടുംബ സംഗമങ്ങളാണ് ഫെയർ ഫാമിലി കുടുംബ സംഗമം.

രൂപതാ പ്രസിഡണ്ട് ഡോക്ടർ ചാക്കോ കാളംപറമ്പിൽ ഉദ്ഘാടനംചെയ്ത ചടങ്ങിൽ ഇടവക പ്രസിഡണ്ട് വിൽസൺ തറപ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ, ഇടവക വികാരി ഫാ. ഷിജു ചെമ്പുതൂക്കിൽ,

ഫൊറോന പ്രസിഡണ്ട് ജോസഫ് ആലവേലിൽ, എക്സിക്യൂട്ടീവ് അംഗം റെജി ചിറയിൽ, സെക്രട്ടറി ജയിംസ് നെല്ലിക്കയത്ത് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്നു നടന്ന കലാപരിപാടികൾക്ക് അൽഫോൻസ നെല്ലിക്കയത്ത്, അനീഷ കാഞ്ഞിരത്തിങ്കൽ, അൽഫോൻസ ചിറയിൽ, ജീന വാളനാംകുഴിയിൽ, സിന്ദു കാഞ്ഞിരത്തിങ്കൽ, ഷേർലി നെല്ലിക്കയം, മിനി ചിറയിൽ, അനു മറ്റമുണ്ടയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

### ഹാർട്ട്ലിംഗ്സ് ഭവന നിർമ്മാണം ആനക്കാംപൊയിൽ

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത ഹാർട്ട് ലിംഗ്സിന്റെ നേതൃത്വത്തിൽ ആനക്കാംപോയിൽ ഇടവകയിൽ പ്രകൃതിക്ഷോഭത്തിൽ തകർന്ന ഒരു വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തി കൊടുക്കുന്നു. ഇതിലേക്കായി സന്നദ്ധരുടെ സംഭാവനകൾ ക്ഷണിക്കുകയും ചെയ്യുന്നു.

### 'എൻലൈറ്റൻ' സമുദായം ശാക്തീകരണ വെബിനാർ

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ രൂപതയിലെ വിവിധ സംഘടനകളുടെ കൂട്ടായ്മയായ AKCC സംഘടിപ്പിച്ച 'നവഭാരതം സൃഷ്ടിച്ചത് ക്രൈസ്തവരോ? എന്ന വിഷയത്തെ അധികരിച്ച് ജനുവരി 30 ന് നടന്ന വെബിനാറിർ സംഘടിപ്പിച്ചു. സംഘടനയെ പ്രതിനിധീകരിച്ച് നിരവധി ആളുകൾ സെമിനാറിൽ പങ്കെടുത്തു.

### AKCC റിപ്പോർട്ട് ബുക്ക്, കർമ്മപദ്ധതി പ്രസിദ്ധീകരിച്ചു

എകെസിസി പ്രവർത്തനങ്ങളെ കൃത്യമായി രേഖപ്പെടുത്തുന്നതിനും അംഗത്വരജിസ്റ്റർ സൂക്ഷിക്കുന്നതിനും വാർഷിക റിപ്പോർട്ടുകൾ എഴുതുന്നതിനും സൗകര്യമുള്ള റിപ്പോർട്ട് ബുക്ക് പ്രസിദ്ധീകരിച്ചു. യൂണിറ്റുകളിൽ നിർബന്ധമായും ഈ ബുക്ക് റിപ്പോർട്ടിങ്ങിനായി ഉപയോഗിക്കേണ്ടതാണ്. (വില Rs. 100).

എകെസിസി 2022 വർഷത്തെ കർമ്മപദ്ധതി എക്സോഡസ് 22, നേതൃ സംഗമത്തിൽ മോൺ. ജോൺ ഒറവുംങ്കര പ്രസിദ്ധീകരിച്ചു. അടിസ്ഥാനവിവരങ്ങളും ഫോൺ നമ്പറുകളും ഉൾപ്പെടുന്ന കർമ്മ പദ്ധതി എല്ലാ യൂണിറ്റിലേക്കും വിതരണം ചെയ്തു. ഭരണഘടന (Rs. 100), കത്തോലിക്ക കോൺഗ്രസ് പതാക (Rs. 50) എന്നിവ രൂപത ഓഫീസിൽ ലഭ്യമാണ്.

### ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷൻ സർവ്വേ നടത്തി, ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ സിറ്റിംഗിൽ പങ്കെടുത്തു

മുന്നോക്ക സമുദായത്തിലെ പിന്നോക്ക വികസന ക്ഷേമ കമ്മീഷൻ ആയ ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷൻ നടത്തുന്ന വിവരശേഖരണത്തിലേക്ക് എ കെ സി സി യുടെ നേതൃത്വത്തിൽ ഇടവകകളിൽ നിന്നും ഏറ്റവും പിന്നോക്കം വീടുകളുടെ സാമ്പിൾ വിവരശേഖരണം നടത്തി. പ്രസ്തുത സർവേയുടെ

റിപ്പോർട്ട് കമ്മീഷന് സമർപ്പിച്ചു. സ്റ്റഡി സാമ്പിളുകൾ കത്തോലിക്ക കോൺഗ്രസ് കേന്ദ്ര സമിതിക്ക് അയച്ചുകൊടുത്തു.

ജസ്റ്റിസ് ജെ ബി കോശി അധ്യക്ഷനായുള്ള ക്രൈസ്തവ പിന്നോക്കാവസ്ഥ പഠന കമ്മീഷൻ കോഴിക്കോട് വൈഎംസിഎ ഹാളിൽ വച്ച് നടത്തിയ സിറ്റിങ്ങിൽ രൂപത പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിൽ, ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ എന്നിവർ പങ്കെടുത്തു.

### എൻലൈറ്റൻ, സമുദായ ബോധവത്കരണ വെബിനാർ

രൂപതയിലെ സംഘടനകളുടെ കൂട്ടായ്മയായ AOCC യുടെ ആഭിമുഖ്യത്തിൽ കത്തോലിക്ക കോൺഗ്രസ് നേതൃത്വം നൽകിയ 'നവഭാരതം സൃഷ്ടിച്ചത് ക്രൈസ്തവരോ?' എന്ന വിഷയത്തെ അധികരിച്ച എൻലൈറ്റൻ സമുദായ ബോധവൽക്കരണ വെബിനാർ സീരീസിന്റെ രണ്ടാമത്തെ സെക്ഷൻ ജനുവരി 30 ന് ഉച്ചക്ക് ശേഷം 3 മുതൽ 5 മണി വരെ സൂം പ്ലാറ്റ്ഫോമിൽ നടത്തി. ചരിത്രകാരനും ജേണലിസ്റ്റുമായ ഡോ. ബാബു കെ വർഗീസ് സെമിനാർ നയിച്ചു. ആയിരത്തിലധികം പേർ പങ്കെടുത്ത വെബിനാർ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ആമുഖ സന്ദേശം നൽകുകയും വികാരി ജനറൽ മോൺ. ജോൺ ഒറവുംങ്കര ചോദ്യോത്തര സെഷൻ മോഡറേറ്റ് ചെയ്യുകയും ചെയ്തു. എ ഒ സി സി ഭാരവാഹികൾക്കും പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞത അർപ്പിക്കുന്നു.

### വിസീത്ത, മേഖല സന്ദർശനം

### വിലങ്ങാട് മേഖലയുടെ സംഗമവും

രൂപത ഭാരവാഹികളുടെ സന്ദർശനവും ഫെബ്രുവരി 13 ഞായറാഴ്ച വിലങ്ങാട് പള്ളിയിൽ വെച്ച് നടന്നു. വിലങ്ങാട്, മഞ്ഞക്കുന്ന്, പാലൂർ എന്നീ ഇടവകകളിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു. ഫൊറോന വികാരി ഫാ. ബെന്നി കാരക്കാട്ട്, രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, രൂപത സെക്രട്ടറി ജെയിംസ് എളുകുന്നേൽ, മേഖല ഇൻചാർജ് ഷാജു, മേഖല പ്രസിഡണ്ട് ബിനു, ഇടവക പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

### ഹാർട്ട് ലിങ്ക്സ് ഭവന നിർമ്മാണം

ആനക്കാംപൊയിൽ ഇടവകയിൽ മേൽക്കൂര തകർന്ന ഒരു വീടിന്റെ അറ്റകുറ്റപ്പണികൾ ഹാർട്ട് ലിങ്ക്സ് രൂപത സമിതിയുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു.

### സിനഡാലിറ്റി വർക്കിംഗ് കമ്മിറ്റി യോഗം ചേർന്നു

സിനഡാലിറ്റി സംബന്ധിച്ച ചർച്ചകൾ നടത്തുന്നതിനായി ഫെബ്രുവരി 19ന് പാസ്റ്ററൽ സെന്ററിൽ വച്ച് വർക്കിങ് കമ്മിറ്റി യോഗം ചേരുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

### യൂണിറ്റ് രൂപീകരണങ്ങൾ

തോട്ടുമുക്കം ഫൊറോന ചുണ്ടത്തും പൊയിൽ യൂണിറ്റിൽ മേഖല പ്രസിഡണ്ടിന്റെയും മേഖല ഇൻചാർജിന്റെയും നേതൃത്വത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. പെരിന്തൽമണ്ണ മേഖലയിൽ പാലൂർകോട്ട ഇടവകയിൽ യൂണിറ്റ് രൂപീകരണം നടത്തി.

### മേഖല വാർഷിക ജനറൽ ബോഡി യോഗങ്ങൾ

2002 മാർച്ച് മാസത്തിൽ എകെസിസി സമിതികളുടെ ഒരു വർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് മേഖല വാർഷിക ജനറൽ ബോഡിയോഗങ്ങളും മേഖല സംഗമവും സംഘടിപ്പിച്ചു വരുന്നു. ബഹുമാനപ്പെട്ട ഫൊറോന ഡയറക്ടർമാരുടെയും മേഖലാ സമിതികളുടെയും നേതൃത്വത്തിൽ

ഫെബ്രുവരി 20 തോട്ടുമുക്കം, കൂരാച്ചുണ്ട്, മരുതോങ്കര മേഖലകളിലും ഫെബ്രുവരി 27 ന് തിരുവമ്പാടി, മലപ്പുറം, പെരിന്തൽമണ്ണമേഖലകളിലും ജനറൽബോഡി യോഗങ്ങൾ നടത്തുന്നു. ഔദ്യോഗിക മീറ്റിംഗ്, മേഖല, യൂണിറ്റ് റിപ്പോർട്ട് അവതരണങ്ങൾ, രൂപതാ റിപ്പോർട്ട് സംക്ഷിപ്ത അവലോകനം, വിഷയാവതരണങ്ങൾ, റാലി തുടങ്ങിയ വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ജനറൽ ബോഡി മീറ്റിംഗ് ക്രമീകരിച്ചിരിക്കുന്നത്.

### പ്രതിഷേധം രേഖപ്പെടുത്തി

ദേവാലയത്തിൽ നടത്തിയ പ്രസംഗത്തിന്റെ പേരിൽ തലശ്ശേരി രൂപതാംഗമായ ആന്റണി തറേക്കടവിലച്ചനെതിരെ കേസെടുത്ത പോലീസ് നടപടിയിൽ കത്തോലിക്ക കോൺഗ്രസ് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

### അറിയിപ്പുകൾ

**1. മേഖലതല ജനറൽബോഡി യോഗവും മേഖല സംഗമവും**

ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി രൂപതയിലെ എല്ലാ മേഖലകളിലും ജനറൽബോഡി യോഗം ക്രമീകരിച്ചിരിക്കുന്നു. യൂണിറ്റുകളുള്ള ഇടവകകളിൽ നിന്ന് എല്ലാ യൂണിറ്റ് ഭാരവാഹികളും പരമാവധി മെമ്പർമാരെയും യൂണിറ്റുകൾ രൂപീകരിക്കാനുള്ള ഇടങ്ങളിൽനിന്ന് 5 പ്രതിനിധികളെയും വികാരിയച്ചൻമാർ പറഞ്ഞയക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

2. കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ ഫൊറോന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നുവരുന്നു. എല്ലാ വികാരിയച്ചന്മാരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# സെമിനാരി വാർത്തകൾ

### ഇൻഡോർ കോർട്ട് ഉദ്ഘാടനം - ജനുവരി 20

സെമിനാരിയിൽ പുതുതായി നിർമ്മിച്ച ഇൻഡോർ ബാസ്ക്കറ്റ് ബോൾ കോർട്ടിന്റെ വെഞ്ചരിപ്പു കർമ്മവും, ഉദ്ഘാടനവും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിച്ചു. ഉദ്ഘാടന ദിവസം നടന്ന ബാസ്ക്കറ്റ് ബോൾ മാച്ചിൽ രൂപതയിലെ വൈദികർ രണ്ടു ടീമുകളിലായി മത്സരിച്ചു. തുടർന്നു നടന്ന ഭക്തിനിർഭരമായ ജപമാലയിലും സ്നേഹവിരുന്നിലും എല്ലാവരും പങ്കു ചേർന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കായി സഹായിച്ച എല്ലാ വൈദികരെയും ഉപകാരികളെയും നന്ദിയോടെ ഓർക്കുന്നു.

### എൻട്രൻസ് എക്സാം ഫെബ്രുവരി 5

മേജർ സെമിനാരിയിലേക്കുള്ള പ്രവേശന പരീക്ഷ മൈനർ സെമിനാരിയിൽ വച്ച് ഫെബ്രുവരി 5-ാം തീയതി വൈകുന്നേരം നടത്തപ്പെട്ടു. ഈ വർഷം 12 വൈദിക വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയത്.

### കപ്പവാട്ട് മഹോത്സവം ഫെബ്രുവരി 7

ഈ വർഷത്തെ കപ്പവാട്ട് മഹോത്സവം ഫെബ്രുവരി 7-ാം തീയതി നടത്തപ്പെട്ടു. അഭിവന്ദ്യപിതാവും സെമിനാരിയിലെയും, ബിഷപ് ഹൗസിലെയും, വൈദികരും, ബ്രദേഴ്സും, സിസ്റ്റേഴ്സും കപ്പവാട്ടിൽ പങ്കെടുത്തു. രാത്രിയോടെ കപ്പവാട്ട് മഹോത്സവം സമാപിച്ചു. സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

### ഒട്ടിംഗ് - ഫെബ്രുവരി 15

സെമിനാരിയിലെ തിരക്കുകൾക്ക് ഇടയിൽ അച്ചന്മാരും വൈദികവിദ്യാർത്ഥികളും കോഴിക്കോട് ഔട്ടിംഗിന് പോയി. പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. ഫാ. ഡോ. കുര്യൻ പുരമഠത്തിൽ നയിച്ച ക്ലാസ്സിന് ശേഷം എല്ലാവരും ബീച്ചിൽ പോയി സായാഹ്നം അവിടെ ചെലവഴിച്ചു. പിന്നീട് പോപ്പ് ജോൺ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന സ്നേഹവിരുന്നിന് ശേഷം ഫാ. തോമസ് പാറൻകുളങ്ങര അച്ചന്റെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ നടത്തി. ബഹു. കുര്യൻ പുരമഠത്തിലച്ചനും തോമസ് പാറൻകുളങ്ങര അച്ചനും സെമിനാരിയുടെ നന്ദിയും കടപ്പാടും.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ മൈനർ സെമിനാരി

# ആദരാഞ്ജലികൾ



## സി. ഡാമിയൻ എഫ്.സി.സി

**മരണം 8-2-2022**

"ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട് സംഭ്രമിക്കേണ്ട ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും" (ഏശ 41:10).

പാലാ രൂപത ചെമ്മലമറ്റം ഇടവക കളപ്പുരയ്ക്കൽ ജോസഫി ന്റെയും അന്നമ്മയുടെയും ഏഴുമക്കളിൽ രണ്ടാമത്തെ സന്താനമായി 1943 ഡിസംബർ 22 ന് ഡാമിയനമ്മ ഭൂജാതയായി. 1967 ജൂൺ 15ന് ഈരൂട് അൽഫോൻസ ഭവനിൽ അർത്ഥിനിയായി പ്രവേശിക്കുകയും 1968 ഏപ്രിൽ 29ന് നൊവിഷ്യേറ്റിൽ പ്രവേശിക്കുകയും ചെയ്തു. 1969 ഏപ്രിൽ 30ന് ആദ്യവ്രതവാഗ്ദാനം നടത്തി സി. ഡാമിയൻ എന്ന പേർ സ്വീകരിച്ചു. 1975 മെയ് 5ന് കുന്നോത്ത് നൊവിഷ്യേറ്റ് ഹൗസിൽ വെച്ച് നിത്യവ്രതവാഗ്ദാനം നടത്തി. പുഞ്ചിരിക്കുന്ന മുഖവും കാരുണ്യം നിറഞ്ഞ വാക്കുകളും അമ്മയുടെ സന്യാസജീവിതത്തിന്റെ സവിശേഷഗുണങ്ങളായിരുന്നു. ദൈവത്തിൽ എത്തിച്ചേരുക എന്നതായിരുന്നു അമ്മയുടെ ജീവിത ലക്ഷ്യം.

തന്റെ എളിയ ജീവിതം നിശബ്ദമായ സേവനമാക്കി മാറ്റിക്കൊണ്ട്കഴിഞ്ഞ 53 വർഷങ്ങൾ മലാപ്പറമ്പ്, വെള്ളരിക്കുണ്ട്, ചെമ്പേരി, വേനപ്പാറ, കല്ലോടി, ബത്തേരി, തളിപ്പറമ്പ്, കുന്നോത്ത്, കക്കയം, കരിങ്കലത്താണി, ഈരൂട്, കോടഞ്ചേരി, എന്നീ ഭവനങ്ങളിൽ സുപ്പീരിയർ, അസി. സുപ്പീരിയർ, മെസ്സ് മാനേജർ, ഫാം സുപ്രവൈ സർ എന്നീ നിലകളിൽ സേവനം കാഴ്ച്ചവെച്ചു. 2004 ൽ അമ്മ രോഗബാധിതയാവുകയും ക്യാൻസറാണെന്ന് സ്ഥിരീകരിക്കുകയും

ചെയ്തു. എങ്കിലും ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലു കളിലൂടെ പൂർണ്ണമായ രോഗവിമുക്തി ലഭിച്ചു. രണ്ട് വർഷങ്ങൾക്കു മുമ്പുണ്ടായ വീഴ്ച്ചയുടെ ഫലമായി അമ്മയുടെ കാലിന് ഫ്രാക്ച്ചർ ഉണ്ടാവുകയും ശാരീരികമായ അസ്വസ്ഥതകൾ ആരംഭിക്കുകയും ചെയ്തു. 8-2-2022, 11 മണിയോടെ അമ്മയുടെ ആരോഗ്യനില തീർത്തും വഷളാവുകയും കോടഞ്ചേരി ഇടവക വികാരി ബഹു. ഫാ. തോമസ് നാഗപറമ്പിലിൽ നിന്നും രോഗീലേപനം സ്വീകരിക്കുകയും ചെയ്തു. ഏകദേശം 4 മണിയോടുകൂടി ബഹു. വികാരി അച്ചന്റെയും, സഭാധികാരികളുടെയും, സമൂഹാംഗങ്ങ ളുടെയും സാന്നിധ്യത്തിലും പ്രാർത്ഥനയിലും അമ്മയുടെ പാവനാത്മാവ് ഈ ലോകം വിട്ട് നിത്യതയിലേക്ക് യാത്രയായി.

ഫെബ്രുവരി 9 ബുധനാഴ്ച്ച രാവിലെ 10 മണിക്ക് മൃതസംസ്ക്കാരശുശ്രൂഷകൾക്ക് കോടഞ്ചേരി ആശാഭവനിൽ ഫാ. ജോൺ കളത്തിപ്പറമ്പിലച്ചനും കോടഞ്ചേരി തീർത്ഥാടക ദേവാലയ ത്തിൽ താമരശ്ശേരി രൂപതയുടെ വികാരി ജനറാൾ മോൺ. ജോൺ ഒരവുങ്കര അച്ചനും കാർമ്മികത്വം വഹിച്ചു. തുടർന്ന് കോടഞ്ചേരി ദേവാലയ സെമിത്തേരിയിൽ അമ്മയുടെ മൃതദേഹം സംസ്ക്കരിച്ചു. കാരുണ്യ വാനായ ദൈവം അമ്മയ്ക്ക് നിത്യസൗഭാഗ്യം നല്കി അനുഗ്രഹിക്കട്ടെ യെന്ന് നമുക്ക് പ്രാർത്ഥിക്കാം.

## കുടുംബ പ്രേഷിതത്വം

വിവാഹാർത്ഥികൾക്കുവേണ്ടി താമരശ്ശേരി രൂപതാ കുടുംബ പ്രേഷിതത്വ വിഭാഗം നടത്തുന്ന വിവാഹ ഒരുക്ക സെമിനാർ ഫെബ്രുവരി മാസത്തിൽ 11,12,13 തിയതികളിൽ നടന്നു. വിവിധ ഇടവകകളിൽ നിന്നായി 112 യുവജനങ്ങൾ പങ്കെടുത്തു.

മാർച്ച് മാസത്തിൽ 11,12,13 തിയതികളിൽ കോഴ്സ് നടക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾ 8714031056 എന്ന നമ്പറിലേക്ക് വിളിക്കുകയോ വാട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യുക. ഓൺലൈൻ ബുക്കിംഗ് സംവിധാനം കുറച്ചുനാളത്തേക്ക് ഉണ്ടായിരിക്കുന്നതല്ല.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# ഗുഡ്ഷെഷപ്പേർഡ് പ്രീസ്റ്റ് ഹോം

താമരശ്ശേരി രൂപതയുടെ വിശ്രമജീവിതം നയിക്കുന്ന വൈദികരുടെ കേന്ദ്രമായ ഗുഡ്ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ കഴിഞ്ഞ എട്ടുമാസമായി ഡയറക്ടറായി സേവനം അനുഷ്ഠിച്ചിരുന്ന ബഹു.ജോസ് പെണ്ണാപറമ്പിലച്ചന് ഹൃദ്യമായ യാത്രയയപ്പ് നൽകി. ജനുവരി 29-ാം തിയതി നടന്ന അത്താഴവിരുന്നിൽ ബഹു. രൂപതാ ചാൻസലർ ബെന്നി മുണ്ടനാട്ടച്ചൻ സന്നിഹിതനായിരുന്നു. പുതിയ ഡയറക്ടറായി ചുമതലയേറ്റെടുക്കുന്ന ഫിലിപ്പ് ചക്കുംമൂട്ടിൽ അച്ചനും തദവസരത്തിൽ സന്നിഹിതനായിരുന്നു. ബഹു. മുണ്ടനാട്ടച്ചൻ ജോസച്ചന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്ക് നന്ദിപറയുകയും ഫിലിപ്പച്ചനെ സ്വാഗതം ചെയ്യുകയും ചെയ്തു.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

താമരശ്ശേരി രൂപത മരിയൻ പ്രൊലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ മരുതോങ്കരമേഖലയിലെ വലിയ കുടുംബങ്ങളുടെ സംഗമം നടത്തി. രൂപതാ പ്രസിഡന്റ് സജീവ് പുരയിടത്തിൽ അദ്ധ്യക്ഷനായിരുന്നു. മരുതോങ്കര ഫൊറോന വികാരി ഫാ. സിബി കളത്തൂർ സമ്മേളനം ഉദ്ഘാടനം ചെയ്തു. മരിയൻ പ്രൊലൈഫ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ വൈസ് പ്രസിഡന്റ് എമ്മാനുവേൽ പുതുപ്പള്ളിത്തകിടിയേൽ സ്വാഗതവും കുര്യാച്ചൻ പൊങ്ങംപാറ നന്ദിയും പറഞ്ഞു. രൂപത സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗം മാർട്ടിൻ തെങ്ങുംതോട്ടത്തിൽ കെ.സി.ബി.സി. പ്രൊലൈഫ് സമിതി ജോയിന്റ് സെക്രട്ടറി സിമിലി അറക്കപറമ്പിൽ മരുതോങ്കര മേഖല പ്രസിഡന്റ് ബെന്നി കറുകമാലിൽ എന്നിവർ ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു. സി. സിൽവിയ എസ്.എച്ച്., സി. ജോസ്മി എസ്.എച്ച്, സി. മെറിൻ എസ്.എച്ച് എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി. മരുതോങ്കര, വിലങ്ങാട് മേഖലകളിലെ വിവിധ ഇടവകകളിൽ നിന്നായി 60 കുടുംബങ്ങളിൽ നിന്നായി 200ൽ പരം ആളുകൾ പ്രോഗ്രാമിൽ പങ്കെടുത്തു. സമ്മേളനത്തിൽപങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും ഡയറക്ടർ ക്യാഷ് അവാർഡ് നൽകി. സമ്മേളനത്തിൽ വച്ച് മരുതോങ്കര മേഖല പ്രോ-ലൈഫ് ഭാരവാഹികളെ തെരഞ്ഞെടുത്തു.

## പ്രോ-ലൈഫ് മരുതോങ്കര മേഖല ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | - | ബെന്നി കറുകമാലിൽ |
| വൈസ് പ്രസിഡന്റ് | - | റീന മനോജ് വെട്ടിക്കൽ |
| സെക്രട്ടറി | - | ജെയ്സൺ തൈക്കടുപ്പിൽ |
| ജോയിന്റ് സെക്രട്ടറി | - | മോളി കുംബുങ്കൽ |
| ട്രഷറർ | - | ജോബി ഇടശ്ശേരി |

*എക്സിക്യൂട്ടീവ് അംഗങ്ങൾ*

1. റിജു കട്ടക്കയം
2. ടോമി കറുകമാലിൽ
3. സിജോ ചൂരപ്പൊയ്ക
4. മനോജ് ആലപ്പാട്ട്

## യൂത്ത് വിംങ്ങ്

| | | |
|---|---|---|
| പ്രസിഡന്റ് | - | സിജോ കുളത്തിങ്കൽ |
| സെക്രട്ടറി | - | ശ്വേത കാഞ്ഞിരക്കാട്ടുതൊടിയിൽ |
| വൈസ്. പ്രസിഡന്റ് | - | ലിയോ ചുവപ്പുങ്കൽ |
| ജോയിന്റ് സെക്രട്ടറി | - | അനിത മണ്ണാർശ്ശേരി |
| ട്രഷറർ | - | ജിൽസ്റ്റൺ ഇടശ്ശേരിൽ |

*എക്സിക്യൂട്ടീവ്*

ജോർജ്ജുകുട്ടി മണ്ണാർശ്ശേരി
അമൽ മാത്യു കറുകമാലിൽ
ആൻലിയ ഇടത്തുണ്ടിയിൽ
ജിനു പ്രകാശ് കോലഞ്ചേരി
എഞ്ചിൻ അഗസ്റ്റിൻ നെല്ലരിക്കൽ
ആൻഞ്ചലീന കരിപ്പമറ്റത്തിൽ

## മരിയൻ പ്രോ-ലൈഫ് ഇടവകതല ഭാരവാഹികൾ

*പടത്തുകടവ്*

| | | |
|---|---|---|
| പ്രസിഡന്റ് | - | ജിജി ഇലവുങ്കൽ |
| വൈസ് പ്രസിഡന്റ് | - | റീന ജോർജ്ജ് വെട്ടിക്കൽ |
| സെക്രട്ടറി | - | പ്രകാശ് കോലഞ്ചേരി |
| ജോയിന്റ് സെക്രട്ടറി | - | മായ കൈതാരം |
| ട്രഷറർ | - | മനോജ് വെട്ടിക്കൽ |

*മരുതോങ്കര*

പ്രസിഡന്റ് - ബെന്നിച്ചൻ കറുകമാലിൽ
വൈസ് പ്രസിഡന്റ് - ഷിജി മംഗലശ്ശേരി
സെക്രട്ടറി - കുര്യാച്ചൻ പൊങ്ങംപാറ
ജോയിന്റ് സെക്രട്ടറി - ഷീബ വാതപ്പള്ളി
ട്രഷറർ - ലിനീഷ് കുരിയപറമ്പിൽ

*ചെമ്പനോട*

പ്രസിഡന്റ് - ജോർജ് ചുവപ്പുങ്കൽ
വൈസ് പ്രസിഡന്റ് - റോയി കടക്കൽ
സെക്രട്ടറി - ടോമി ചേന്നംകുളം
ജോയിന്റ് സെക്രട്ടറി - മായ മലയാറ്റൂർ
ട്രഷറർ - ജോബി എടച്ചേരി

*പശുക്കടവ്*

പ്രസിഡന്റ് - ഡെൻസൺ ആലഞ്ചേരി
വൈസ് പ്രസിഡന്റ് - ബെറ്റീന തുറുവേലിക്കുന്നേൽ
സെക്രട്ടറി - ബിജു കരിപ്പാമറ്റത്തിൽ
ജോയിന്റ് സെക്രട്ടറി - ലിന്റാ അറക്കപറമ്പിൽ
ട്രഷറർ - മനോജ് ആലപ്പാട്ട്

*പൂഴിത്തോട്*

പ്രസിഡന്റ് - ജെയ്സൺ തൈക്കടുപ്പിൽ
വൈസ് പ്രസിഡന്റ് - മോളി ജെയ്സൺ കുമ്പുക്കൽ
സെക്രട്ടറി - ബിൻസി ജോസ് പൂവേലിൽ
ജോയിന്റ് സെക്രട്ടറി - സ്വപ്ന കുമ്പളംമൂട്ടിൽ
ട്രഷറർ - ഷാന്റി ടോംസ് തൈക്കടുപ്പിൽ

*പൂതംപാറ*

പ്രസിഡന്റ് - രാജു കട്ടക്കയം
വൈസ് പ്രസിഡന്റ് - സുജിത കട്ടക്കയം
സെക്രട്ടറി - രാജു തകിടിയേൽ
ജോയിന്റ് സെക്രട്ടറി - സോന കൽക്കനോട്
ട്രഷറർ - ഷിബി തകിടിയേൽ

*വിലങ്ങാട്*

പ്രസിഡന്റ് - സിജോ ചൂരപ്പൊയ്കിൽ
വൈസ് പ്രസിഡന്റ് - റീന ഷാജു ഇടതുണ്ടിയിൽ
സെക്രട്ടറി - റോമിൻ എളംബ്ലാക്കാട്ട്
ജോയിന്റ് സെക്രട്ടറി - ഷൈന കുലിപ്പറമ്പിൽ
ട്രഷറർ - റോയി കുലിപ്പറമ്പിൽ

### കോടഞ്ചേരി മേഖല സംഗമം

മരിയൻ പ്രൊലൈഫ് മൂവ്മെന്റിന്റെ കോടഞ്ചേരി മേഖല സംഗമം മാർച്ച് 13ന് കോടഞ്ചേരി ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. കോടഞ്ചേരി മേഖലയിലെ നാലും അതിൽ കൂടുതലും കുട്ടികൾ ഉള്ള എല്ലാ കുടുംബങ്ങളിലെയും മാതാപിതാക്കളും, മക്കളും സംഗമത്തിൽ പങ്കെടുക്കണം. മീറ്റിംഗിൽ പങ്കെടുക്കുന്ന എല്ലാ കുടുംബങ്ങൾക്കും ക്യാഷ് അവാർഡ് നൽകുന്നതാണെന്ന് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അറിയിച്ചു. വികാരിയച്ചന്മാർ ഈ കാര്യം പള്ളിൽ അറിയിച്ച് പ്രസ്തുത കുടുംബങ്ങളെ സമ്മേളനത്തിലേക്ക് പറഞ്ഞയ്ക്കുമല്ലോ.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ഫെബ്രുവരി 12-ാം തിയ്യതി ശനിയാഴ്ച പതിവുപോലെ ദേവഗിരി ഓസനാം ഭവനിൽ ചേർന്ന സെൻട്രൽ കമ്മറ്റി രൂപതാ തലത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി.

മരുതോങ്കര, താമരശ്ശേരി, കുളത്തുവയൽ, തിരുവമ്പാടി, ദേവഗിരി തുടങ്ങിയ ഏരിയ കൗൺസിലുകൾ യഥാസമയം മീറ്റിങ്ങുകൾ നടത്തുകയുണ്ടായി. മെയ് 21ന് ശനിയാഴ്ച കുന്ദമംഗലം സെന്റ് ജോസഫ് പള്ളിയിൽ വെച്ച് നടത്താൻ ഉദ്ദേശിക്കുന്ന താമരശ്ശേരി സെൻട്രൽ കൗൺസിലിന്റെ വാർഷിക സമ്മേളനത്തിൽ രൂപതാ അദ്ധ്യക്ഷനെ കൂടാതെ നാഷണൽ കൗൺസിൽ പ്രസിഡന്റിനേയും കേരളാ ഘടകം കോർഡിനേറ്റർ ബ്രദർ അനിൽ ആന്റണിയേയും ക്ഷണിക്കാൻ തീരുമാനിച്ചു.

ഏരിയാ കൗൺസിലുകൾ വഴി എല്ലാ കോൺഫ്രൻസുകളും സന്ദർശിക്കാൻ തീരുമാനിച്ചു. ആരംഭത്തിൽ കുളത്തുവയൽ ഏരിയാ കൗൺസിലിലെ കോൺഫ്രൻസുകൾ സന്ദർശിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നറിയിച്ച പ്രസിഡന്റ് ബ്രദർ ജോഷി ദിവസവും മറ്റു ക്രമീകരണങ്ങളും ഉടനെ അറിയിക്കാമെന്നറിയിച്ചു.

കോവിഡ് 19ന്റെ രോഗ വ്യാപനം സമൂഹത്തിൽ ഉണ്ടെങ്കിലും പാവപ്പെട്ടവരെ സഹായിക്കുവാൻ പതിനായിരങ്ങൾ ചിലവഴിച്ചതായി ഏരിയാ കൗൺസിൽ പ്രസിഡന്റുമാർ അറിയിച്ചു. മാർച്ച് 31നു മുമ്പ് കണക്കുകൾ എഴുതി അവസാനിപ്പിച്ച് സെൻട്രൽ കൗൺസിൽ എല്പിക്കാനും തീരുമാനിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

3-2-22 ന് ഓൺലൈനിൽ സർവ്വീസ് ടീം കൂടി മാറിവരുന്ന കൊറോണ പകർച്ചവ്യാധിക്കിടയിൽ സജീവമായി കൂട്ടായ്മ നിലനിർത്തേണ്ടതിന്റെ ആവശ്യം സോണൽ ആനിമേറ്റർ ബഹു. സൈമൻ വള്ളോപ്പിള്ളിയച്ചൻ ഓർമ്മപ്പെടുത്തി. നേരിട്ട് കൂട്ടായ്മ സാദ്ധ്യമല്ലാത്തതിനാൽ ഓൺലൈനിൽ കൂട്ടായ്മകൾ മാസത്തിൽ ഒന്നിലധികം പ്രാവശ്യം കൂടാൻ തീരുമാനിച്ചു.

പ്രാർത്ഥനാകൂട്ടായ്മകളിൽ തിരഞ്ഞെടുപ്പ് മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടക്കേണ്ടതാണെന്ന് സോണൽ കോർഡിനേറ്റർ അറിയിച്ചു. സബ്സോൺ കോർഡിനേറ്റേഴ്സിന്റെയും മിനിസ്ട്രി കോർഡിനേറ്റേഴ്സിന്റെയും കൂട്ടായമകൾ വിളിക്കാൻ തീരുമാനിച്ചു.

8-2-22ന് സബ്സോൺ കോർഡിനേറ്റേഴ്സിന്റെയും, കൂട്ടായ്മകൾ വിളിക്കാൻ തീരുമാനിച്ചു.

8-2-22ന് സബ്സോൺ കോർഡിനേറ്റേഴ്സിന്റെയും മിനിസ്ട്രികോർഡിനേറ്റഴേസിന്റെയും കോർഗ്രൂപ്പും ഒരുമിച്ചുകൂടി.

സിനഡൽ ചർച്ചകൾ ഓരോ സബ്സോണിലും നടത്തേണ്ടതിന്റെ ആവശ്യം അറിയിച്ചു. ഓരോ സബ്സോണും പ്രത്യേകം സമയം കണ്ടെത്തി സിനഡൽ ചർച്ചകൾക്കായി നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ചർച്ച നടത്തി. വിശദമായ റിപ്പോർട്ട് സോണിലേക്ക് നൽകേണ്ടതാണെന്നും ഓർമ്മിപ്പിച്ചു. തിരഞ്ഞെടുപ്പ് മാർച്ച് ഏപ്രിൽ മാസത്തിൽ നടത്തേണ്ടതുള്ളതുകൊണ്ട് എല്ലാ ഇടവകകളിലും ഏകദിനസെമിനാറുകളും കഴിയുമെങ്കിൽ ദിവ്യകാരുണ്യ ആരാധനയും നടത്താൻ തീരുമാനിച്ചു.

10-2-22ന് സോണൽ സർവ്വീസ് ടീം കൂടി സിനഡൽ ചർച്ചകളിൽ വ്യക്തിപരമായി സംസാരിച്ചു. 14/2ന് മലപ്പുറത്തും കൂരാച്ചുണ്ടിലും, 15/2 ന് താമരശ്ശേരിയിലും 16/2 ന് തിരുവമ്പാടിയിലും, 17/2 ന് മരുതോങ്കരയിലും പെരുന്തൽമണ്ണയിലും 18/2 കോടഞ്ചേരിയിലും 20/2 വിലങ്ങാടും സിനഡൽ ചർച്ച നടത്തി. റിപ്പോർട്ടുകൾ സോണിലേക്ക് അയക്കണമെന്ന് അറിയിച്ചു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

2022 ഫെബ്രുവരി മാസത്തിലെ എല്ലാ ശുശ്രൂഷകളും ദൈവാനുഗ്രഹം തന്നെയായിരുന്നു. കോവിഡ് 19 – മൂന്നാം തരംഗത്തിന്റെ നടവിലും നിയന്ത്രണങ്ങൾക്കും വിധേയമായി ബഥാനിയായിൽ ശുശ്രൂഷകൾ നടത്താൻ സാധിച്ചു. വിവിധങ്ങളായ ശുശ്രൂഷകൾ നടത്താൻ സാധിച്ചു. വിവിധങ്ങളായ ശുശ്രൂഷകളിലൂടെ അനേക ദൈവമക്കൾക്ക് ആത്മീയ ഉണർവ്വിലും ശാരീരക – മാനസിക സൗഖ്യത്തിലും ബഥാനിയായിലെ ശുശ്രൂഷകൾ കാരണമായി.

## ഏകദിന കൺവെൻഷൻ

അനേക ദൈവമക്കൾക്ക് ആത്മീയ ഉണർവ്വിന് കാരണമാകുന്ന ശുശ്രൂഷകളാണ് വെള്ളിയാഴ്ചകളിൽ നടക്കുന്ന ഏകദിന കൺവെൻഷൻ. ധ്യാനങ്ങൾ കൂടി ആത്മീയ വളർച്ച ആഗ്രഹിക്കുന്നവർക്കുവേണ്ടിയാണ് ഈ ശുശ്രൂഷ പ്രധാനമായും ലക്ഷ്യമാടുന്നത്. വെള്ളിയാഴ്ച ദിവസങ്ങളിൽ വി.കുമ്പസാരത്തിനും സ്പിരിചൽ ഷെയറിംഗിനും പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ശുശ്രൂഷയിൽ ജപമാല, കുരിശിന്റെ വഴി, വചനപ്രഘോഷണം, രോഗശാന്തി ശുശ്രൂഷ, സ്തുതി ആരാധന, വി.കുർബ്ബാന, എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഉച്ചകഴിഞ്ഞ് 2 മണിക്ക് നേർച്ച ഭക്ഷണത്തോടെ ശുശ്രൂഷകൾ സമാപിക്കും. എല്ലാ ശുശ്രൂഷകൾക്കും ബഥാനിയ ടീം നേതൃത്വം നൽകുന്നു.

## ശുശ്രൂഷകരുടെ കൂട്ടായ്മ

2022 ഫെബ്രുവരി 23-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ബഥാനിയ ശുശ്രൂഷകരുടെയും ശുശ്രൂഷ ചെയ്യാൻ ആഗ്രഹിക്കുന്നവരുടെയും കൂട്ടായ്മ നടത്തി. കോവിഡ് മഹാമാരി മൂലം മുടങ്ങിപ്പോയ ശുശ്രൂഷകരുടെ കൂട്ടായ്മ മാസങ്ങൾക്കു ശേഷം ഒരുമിച്ച് കൂടിയതിന്റെ സന്തോഷം ശുശ്രൂഷകർ പരസ്പരം പങ്കുവച്ചു. ദൈവശുശ്രൂഷയുടെ മഹാത്മ്യത്തെക്കുറിച്ച് ബ്ര.ജോയൽ വരിക്കാനിക്കൽഅച്ചൻ ക്ലാസ്സ് നയിച്ചു. ബഹു. ഷാരോൺ കൊച്ചുപറയിക്കൽ അച്ചൻ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. ബഹു. ഡയറക്ടർ അച്ചൻ ബഥാനിയായുടെ ശുശ്രൂഷകളെക്കുറിച്ചും മറ്റു പൊതുവായ നിർദേശങ്ങളും നൽകി. ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണി വരെ ശുശ്രൂഷകർ എല്ലാവരും ചേർന്ന് ബഥാനിയുടെ പരിസരങ്ങൾ വൃത്തിയാക്കി. 4 മണിക്ക്

പരി.മാതാവിന്റെ ഗ്രോട്ടോയുടെ മുന്നിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ച് എല്ലാവരും സന്തോഷത്തോടെ ഭവനങ്ങളിലേക്ക് തിരിച്ചുപോയി.

### ജീവിത വിശുദ്ധീകരണ ധ്യാനം

2022 ഫെബ്രുവരി 25 മുതൽ 28 വരെയുള്ള തീയതികളിലായി വിശുദ്ധീകരണ ധ്യാനം നടത്തപ്പെട്ടു. ധ്യാനത്തിന്റെ പ്രാരംഭ ദിവസങ്ങളിൽ അഭിവന്ദ്യ റെമിജിയോസ് പിതാവ് വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. ജീവിത വിശുദ്ധീകരണം നേടി വലിയ നോമ്പിലേക്ക് പ്രവേശിക്കാൻ അനേക ദൈവമക്കൾക്ക് ഈ ധ്യാനത്തിലൂടെ സാധിച്ചു. ധ്യാനത്തിന് ബഥാനിയ ടീം നേതൃത്വം നൽകി.

### നിത്യാരാധന

എല്ലാദിവസവും രാവിലെ 6 മുതൽ രാത്രി 8 മണി വരെ നിത്യാരാധന നടത്തപ്പെടുന്നു. ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ നിരവധി ആളുകൾ ആരാധനക്കായി കടന്നുവരുന്നു.

### മദ്ധ്യസ്ഥ പ്രാർത്ഥന

ഓരോ ദിവസവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കുന്ന നിയോഗങ്ങൾക്കായി ബഥാനിയ ടീം മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു.

### സ്പിരിച്വൽ ഷെയറിംങ്ങ്

മാനസിക സംഘർഷം അനുഭവിക്കുന്ന ദൈവമക്കൾക്കും വേണ്ടി വരദാനങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആത്മീയ ഉപദേശം നൽകിവരുന്നു. വെള്ളിയാഴ്ച കൺവെൻഷനുകളിലും മറ്റുദിവസങ്ങളിലും ശുശ്രൂഷകൾ നടത്തുന്നു.

### മാർച്ച് മാസത്തിലെ ശുശ്രൂഷകൾ

ഫെബ്രുവരി 28 വിഭൂതി മുതൽ ഏപ്രിൽ 8 40-ാം വെള്ളി വരെ രാത്രിയും പകലും ആരാധന.

| | | |
|---|---|---|
| 04 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 05 ശനി | : | 101 മണിക്കൂർ ആരാധന (ആദ്യശനി രാവിലെ 7 മണി മുതൽ 9-ാം തിയതി ബുധൻ ഉച്ചയ്ക്ക് 12 മണി വരെ) |
| 11 വെള്ളി | : | ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം |
| 18 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 25 വെള്ളി | : | ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# മലബാർ ലേബർ മൂവ്മെന്റ്

KCBC യുടെ നേതൃത്വത്തിൽ അസംഘടിതരായ തൊഴിലാളി കൾക്കു വേണ്ടി നിലകൊള്ളുന്ന സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (KLM). KLM ന്റെ ക്ഷേമപദ്ധതികൾ താമരശ്ശേരി രൂപതയിൽ മലബാർ ലേബർ മൂവ്മെന്റ് (MLM) എന്ന പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ട്രസ്റ്റ് വഴിയാണ് നടപ്പിലാക്കിക്കൊണ്ടി രിക്കുന്നത്.

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതി, കേരള സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ, വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ്, മരണമടയുന്ന അംഗങ്ങൾക്കായുള്ള സുരക്ഷ പദ്ധതി, ദേവാലയ ശുശ്രൂഷികൾക്കായുള്ള പ്രൊവിഡൻഡ് ഫണ്ട് തുടങ്ങിയ പദ്ധതികൾ രൂപതയിൽ മലബാർ ലേബർ മൂവ്മെന്റ് വഴി നടപ്പിൽ വരുത്തുന്ന പദ്ധതികളാണ്. നിലവിൽ അംഗങ്ങൾക്ക് ഏറെ ഗുണപ്രദമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതി കളിലേക്ക് പുതിയതായി അംഗങ്ങളെ ചേർക്കുന്നതിനും ഇപ്പോൾ അവസരം ഉണ്ടായിരിക്കുന്നതാണ്.

കേരള സർക്കാർ പുതുതായി ആരംഭിച്ച കേരള കർഷക ക്ഷേമനിധിയിൽ ഇടവകകളിൽ നിന്നും അർഹതയുള്ള കർഷകർ അംഗത്വം സ്വീകരിക്കുന്നത് തുടരുന്നു. മാസം 5000 രൂപ പെൻഷൻ ലഭിക്കുന്ന പദ്ധതിയിൽ 1200/ രൂപയാണ് വാർഷിക അംശാദായം അടക്കേണ്ടത്. നിലവിൽ 65 വയസ്സ് വരെ പ്രായമുള്ളവർക്ക് അംഗത്വം എടുക്കാവുന്നതാണ്. ഇവർക്ക് 5 വർഷത്തെ അംശാദായ അടവിനു ശേഷം പെൻഷൻ ലഭിക്കുന്നതാണ്.

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതിയിൽ അംഗമാ യിട്ടുള്ള 60 വയസ്സ് കഴിഞ്ഞിട്ടുള്ള വ്യക്തികൾക്ക് സ്വാവലംബൻ പദ്ധതി വിഹിതം തിരികെ ലഭിക്കുന്നതിന് വേണ്ട അപേക്ഷകൾ സ്വീകരിക്കുവാൻ തുടങ്ങിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 7034449115, 9744342000

**ഫാ. ജയ്സൺ കാരക്കുന്നേൽ**
**ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്**

# വികസനവേദി

## ക്യാൻസർദിന ബോധവൽക്കരണ ക്യാൻസർ ക്ലാസ്സുകൾ നടത്തി

സി.ഒ.ഡി. താമരശ്ശേരി ഏരിയ കോഡിനേറ്റേഴ്സിന്റെ നേതൃത്വത്തിൽ വിവിധ ഇടങ്ങളിൽ ക്യാൻസർരോഗ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു . ഏരിയകോഡിനേറ്റർ ഷൈനിയുടെ നേതൃത്വത്തിൽ വെറ്റിലപ്പാറ, ഓടക്കയം, കൂടരഞ്ഞി, പൂമ്പാറ, എന്നിവിടങ്ങളിലും ഏരിയകോഡിനേറ്റർ ഷാജി നേതൃത്വത്തിൽ ചെമ്മനാട്, കോഴിക്കോട്, മരുതോങ്കര, കരിങ്ങാട്, പൂതംപാറ എന്നിവിടങ്ങളിലും ശ്രീമതി സോളിയുടെ നേതൃത്വത്തിൽ തോട്ടുമുഴി, തുഷാരഗിരി, ചെമ്പുകടവ്, തെയ്യപാറ, പാറമല, കണ്ണോത്ത്, പാലക്കൽ എന്നിവിടങ്ങളിലും ശ്രീമതി സോമിനിയുടെ നേതൃത്വത്തിൽ കട്ടിപ്പാറ, കല്ലുതോട് താമരശ്ശേരി എന്നിവിടങ്ങളിലും ഏരിയ കോഡിനേറ്റർ ഷൈനിയുടെ നേതൃത്വത്തിൽ വെറ്റിലപ്പാറ , തോട്ടുമുക്കം എന്നിവിടങ്ങളിലും കോഡിനേറ്റർ ഷാജിയുടെ നേതൃത്വത്തിൽ മരുതോങ്കര, കരിങ്ങാട്, പൂതംപാറ എന്നിവിടങ്ങളിലും ശ്രീമതി സോളിയുടെ നേതൃത്വത്തിൽ ഓമശ്ശേരിയിലും വെച്ച് ക്ലാസ്സുകൾ നടത്തി.

## ലോക കാൻസർ ദിനാചാരണം നടത്തി

പുല്ലാഞ്ഞിമേട് : ലോക കാൻസർ ദിനാചാരണത്തോട് അനുബന്ധിച്ച് സി ഒ ഡി താമരശ്ശേരി, എം. എസ്. ജെ. സെന്റ് തോമസ് പ്രൊവിൻസ് സോഷ്യൽ മിഷന്റെ ആഭിമുഖ്യത്തിൽ മലബാർ കാൻസർ സെന്ററുമായി സഹകരിച്ചു കാൻസർ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. കോർഡിനേറ്റർ ശ്രീമതി ഡോണ മാത്യു സ്വാഗതം അർപ്പിച്ചു സി. സജീവ എം. എസ്. ജെ യുടെ സാനിധ്യത്തിൽ , സി. ഒ. ഡി. ഡയറക്ടർ ഫാ. ബിജോ എബ്രഹാം പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്നു മലബാർ കാൻസർ സെന്ററിൽ കമ്മ്യൂണിനിറ്റി ഓങ്കോളജി വിഭാഗം ഡോ. ഫിൻസ്. എം. ഫിലിപ്പ് കാൻസർ രോഗത്തെക്കുറിച്ച് വിശദമായി ക്ലാസ്സ് എടുത്തു. കൂടാതെ കാൻസർരോഗ നിർണയത്തിനായുള്ള പരിശോധന സംവിധാനവും ഉണ്ടായിരുന്നു. ഏരിയകോർഡിനേറ്റർ ശ്രീമതി സോമിനി ജോസഫ് നന്ദി പറഞ്ഞു.


## കുടുംബ സുരക്ഷാ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി പുതുക്കാനും പുതിയ അപേക്ഷ ചേർക്കുന്നതിനും തുടക്കമായി

സി.ഒ.ഡി യും സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷൂറൻസ് കമ്പനി ലിമിറ്റഡും തമ്മിൽ സഹകരിച്ച് നടപ്പിൽ വരുത്തിയ കുടുംബസുരക്ഷ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി സാധാരണക്കാരായ കുടുംബങ്ങൾക്ക് സഹായകരമായി

ട്ടുണ്ട്. വർദ്ധിച്ചുവരുന്ന അസുഖങ്ങളും, മാറാരോഗങ്ങളും അപകടങ്ങളും മൂലമുണ്ടാകുന്ന ചികിത്സാ ചിലവുകൾ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയെ സാരമായി ബാധിക്കുന്നു, ഇത്തരം സാഹചര്യങ്ങളിൽ കുടുംബങ്ങളെ ഒരുപരിധി വരെ സഹായിക്കുവാൻ രൂപത വഴി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. സുരക്ഷയിൽ അംഗങ്ങളായിട്ടുള്ള 846 കുടുംബങ്ങൾക്ക് 78,95,600 രൂപയോളം രണ്ട് വർഷം കൊണ്ട് കൊടുക്കുവാൻ സാധിച്ചു.

3750 രൂപ വാർഷിക പ്രീമിയത്തിൽ 3 ലക്ഷം രൂപ വരെ ഒരു കുടുംബത്തിലെ ഭാര്യ, ഭർത്താവ്, 70 വയസ്സ് വരെയുള്ള മാതാപിതാക്കൾ, 5 മാസം വരെ പ്രായമുള്ള കുട്ടികൾ എന്നിങ്ങനെ 6 പേർക്ക് ഇന്ത്യയിലെ ഏത് ഹോസ്പിറ്റലിലും വരുന്ന 24 മണിക്കൂർ കിടത്തിചികിത്സാ ചിലവിന് ഈ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ക്ലെയിംചെയ്യാവുന്നതാണ്. ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് ഈ വർഷത്തെ പ്രീമിയം തുകയായ 2600 രൂപ അടച്ച് പോളിസി പുതുക്കിയാൽ മാത്രമേ ഈ വർഷം സഹായത്തിന് അർഹതയുണ്ടാകുകയുള്ളു. കഴിഞ്ഞ വർഷം അംഗമാകാത്ത കുടുംബങ്ങൾക്കും 2600 രൂപ അടച്ച് പുതുതായി ചേരാവുന്നതാണ്.

**ഫാ. ജോർജ് ചെമ്പരത്തിക്കൽ**
ഡയറക്ടർ, വികസനവേദി



# യേശുനിധി

21.01.2022 മുതൽ 20.02.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Chakkittappara | 25,000.00 |
| 2 | Chempanoda | 20,000.00 |
| 3 | Koodathai | 20,000.00 |
| 4 | Koorachundu | 10,000.00 |
| 5 | Koorachundu | 10,000.00 |
| 6 | Pulloorampara | 20,000.00 |

## Home

| | | |
|---|---|---|
| 7 | Anackampoil | 20,000.00 |
| 8 | Kakkayam | 25,000.00 |
| 9 | Koodathai | 20,000.00 |
| 10 | Kuliramutty | 25,000.00 |

## Medical

| | | |
|---|---|---|
| 11 | Chempanoda | 10,000.00 |
| 12 | Kallanode | 10,000.00 |
| 13 | Manjuvayal | 8,000.00 |
| 14 | Panamplave | 20,000.00 |
| 15 | Theyyappara | 15,000.00 |
| 16 | Thiruvambady | 12,000.00 |
| 17 | Vendakkumpoil | 20,000.00 |
| 18 | Vettilappara | 7,000.00 |
| 19 | Vettilappara | 10,000.00 |

## Marriage

| | | |
|---|---|---|
| 20 | Kallanode | 10,000.00 |
| 21 | Koodathai | 20,000.00 |
| 22 | Muthappanpuzha | 15,000.00 |
| 23 | Nooramthode | 10,000.00 |
| 24 | Pulloorampara | 20,000.00 |
| 25 | Thamarassery | 40,000.00 |
| | **Total** | **4,22,000.00** |

**ഫാ. മാത്യു പുളിമൂട്ടിൽ**
ഫിനാൻസ് ഓഫീസർ





# Pope Francis

## On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace... Yes, all that is true enough, but it is also a matter of humility, of realizing that we need God... all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents....praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. ...They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.

**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well... True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 28-02-2022 |



വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 03, March 2022, Pages 65.